MTTP–002

# मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट कार्यक्रम (पी.जी.सी.एम.एच.टी.)

## अनुवाद परियोजना

(जनवरी 2022 और जुलाई 2022 सत्रों में प्रवेश लेने वाले विद्यार्थियों के लिए)

इग्नू जन-जन का विश्वविद्यालय

अनुवाद अध्ययन और प्रशिक्षण विद्यापीठ
इंदिरा गांधी राष्ट्रीय मुक्त विश्वविद्यालय
मैदानगढ़ी, नई दिल्ली–110 068

Scanned with CamScanner

# अनुवाद परियोजना
## (एम.टी.टी.पी.-002)

**(जनवरी 2022 और जुलाई 2022 सत्रों में प्रवेश लेने वाले विद्यार्थियों के लिए)**

**कार्यक्रम कोड : पी.जी.सी.एम.एच.टी.**

जैसा कि आपको बताया जा चुका है कि 'मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट कार्यक्रम' (पी.जी.सी.एम.एच.टी.) को पूरा करने के लिए आपको चार–चार क्रेडिट के चार पाठ्यक्रम करने होंगे। इस स्नातकोत्तर सर्टिफिकेट कार्यक्रम का चौथा पाठ्यक्रम (एम.टी.टी.पी.–002) 'अनुवाद परियोजना' का है। इस परियोजना के अंतर्गत आपको दी गई सामग्री का अनुवाद करना है। अनुवाद के लिए सामग्री संलग्न है। इसका अनुवाद करके आपको मूल्यांकन के लिए प्रस्तुत करना है। ध्यान रहे कि यह 'अनुवाद परियोजना' एक स्वतंत्र पाठ्यक्रम के समकक्ष है। इसमें उत्तीर्ण होना आवश्यक है।

### परियोजना करने का तरीका

प्रस्तुत सामग्री को ध्यानपूर्वक पढ़ें। इससे आप समझ जाएँगे कि यह किस विषय से संबंधित है और इसमें प्रमुखतया क्या कहा गया है। इसके बाद आप इस सामग्री में से वे शब्द और मुहावरे आदि छाँटिए जिनका अर्थ अथवा जिनके हिंदी पर्याय आपको पता नहीं हैं। इन शब्दों को एक कागज़ पर नोट कर लीजिए। ध्यान दीजिए कि अनूद्य सामग्री के अनुवाद करते समय आपको कौन–कौन से कोश देखने की जरूरत है। विषय के अनुरूप समुचित कोशों में से उन शब्दों के पर्याय नोट कर लीजिए।

अब अनूद्य सामग्री को एक बार पुनः पढ़िए। गौर कीजिए कि अब की बार यह आपको ज्यादा अच्छी तरह समझ आती है कि नहीं। यदि कोई अंश समझ में न आ रहा हो तो उसे फिर से पढ़िए और पता लगाइए कि कठिनाई कहाँ है – शब्दों का अर्थ समझने में अथवा वाक्य–विन्यास को समझने में। यदि कोई वाक्य न समझ आ रहा हो तो उसे दूसरी बार, तीसरी बार पढ़िए।

इस सामग्री में प्रयुक्त संक्षिप्तियों पर ध्यान दीजिए। उनके पूर्ण रूप क्या हैं, जानने की कोशिश कीजिए। अधिकांश संक्षिप्तियों के पूर्ण रूप आपको इस सामग्री में ही मिल जाएँगे।

इस तरह अनूद्य सामग्री का अर्थ भली–भाँति समझ लेने के पश्चात उसका अनुवाद आरंभ कीजिए। अनुवाद करते समय भी शब्दकोश का भरपूर उपयोग कीजिए। जिन शब्दों के अर्थ आपको पता हैं उनके लिए भी शब्दकोश देखिए ताकि विषय और संदर्भ के अनुकूल पर्यायों का चयन कर सकें। वाक्य–विन्यास लक्ष्य भाषा (अर्थात् हिंदी/मलयालम) की प्रकृति के अनुसार कीजिए। यानी आपका बनाया वाक्य ऐसा लगे कि आप अनुवाद नहीं कर रहे बल्कि उस भाषा में मूल रूप में लिख रहे हैं। ऐसा तभी होगा जब आपकी वाक्य–रचना स्रोत में कही गई बात का अनुकरण न होकर लक्ष्य भाषा की कथन–शैली के अनुरूप और सहज होगी।

एक पैराग्राफ अथवा एक पृष्ठ का अनुवाद करने के बाद अपने अनुवाद को मूल सामग्री से मिलाइए और देखिए कि आपके अनुवाद का वही अर्थ निकल रहा है जो मूल कथन में कहा गया है। यदि अंतर दिखाई दे तो अपने अनुवाद में सुधार कीजिए। पूरी तरह आवश्स्त होने के बाद अनुवाद को आगे बढ़ाइए। अगले पैराग्राफ/पृष्ठ के अनुवाद के बाद फिर यही जाँच–प्रक्रिया दोहराइए और अनुवाद करते जाइए।

अनुवाद पूरा करने के पश्चात उसे एक बाद फिर मूल सामग्री से मिलाइए और जाँच कीजिए कि आपका अनुवाद और मूल सामग्री समान अर्थ प्रकट करते हैं। यह भी जाँच कीजिए कि कहीं कोई पैराग्राफ, वाक्य अथवा वाक्यांश अनुवाद होने से छूट तो नहीं गया है। तत्पश्चात अनूदित सामग्री को साफ–साफ लिखकर हस्तलिखित रूप में लिखिए अथवा टंकण की व्यवस्था कीजिए।

Scanned with CamScanner

## अनुवाद परियोजना की प्रस्तुति

- अनुवाद परियोजना फुलस्केप आकार के कागज पर पर्याप्त हाशिया छोड़ते हुए एक तरफ टंकित कराके और बाइडिंग कराके प्रस्तुत करें।
- अनूदित परियोजना के आरंभिक पृष्ठ पर आपके इस कार्यक्रम का शीर्षक, पाठ्यक्रम कोड और शीर्षक, नामांकन संख्या, नाम, पता, अध्ययन केंद्र का कोड लिखा होना चाहिए और अंत में आपके हस्ताक्षर एवं प्रस्तुति की तिथि का उल्लेख होना चाहिए। इस तरह, आपकी 'अनुवाद परियोजना' का आरंभिक पृष्ठ इस प्रकार होगा :

---

| | |
|---|---|
| कार्यक्रम का शीर्षक : | मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट (पी.जी.सी.एम.एच.टी.) |
| पाठ्यक्रम कोड : | एम.टी.टी.पी.–002 |
| पाठ्यक्रम का शीर्षक : | अनुवाद परियोजना |
| सत्रीय कार्य कोड : | ........................................................................ |
| अध्ययन केंद्र का नामः | ........................................................................ |
| नामांकन संख्या : | ........................................................................ |
| नाम : | ........................................................................ |
| पता : | ........................................................................ |
| | ........................................................................ |
| हस्ताक्षर : | ........................................................................ |
| तिथि : | ........................................................................ |

---

- अनुवाद परियोजना के साथ एक **प्रमाण–पत्र भी लगाएँ** जिसमें आपके अपने हस्ताक्षर सहित यह प्रमाणित किया गया हो कि आपने यह अनुवाद–कार्य स्वयं किया है और इसके लिए किसी व्यक्ति की सहायता नहीं ली गई है।
- **अनुवाद परियोजना विश्वविद्यालय में निम्नलिखित पते पर व्यक्तिगत रूप से अथवा पंजीकृत डाक द्वारा भेजें :**

  कुलसचिव<br>
  विद्यार्थी मूल्यांकन प्रभाग (SED)<br>
  इंदिरा गांधी राष्ट्रीय मुक्त विश्वविद्यालय<br>
  मैदान गढ़ी, नई दिल्ली–110068

### अनुवाद परियोजना प्रस्तुत करने की अंतिम तिथि

जनवरी 2022 में प्रवेश लेने वाले विद्यार्थियों के लिए : **31 मई, 2022**<br>
जुलाई 2022 में प्रवेश लेने वाले विद्यार्थियों के लिए : **30 नवंबर, 2022**

अंतिम तिथि के बाद भेजी गई परियोजना का मूल्यांकन विलंब से होगा और आप इस अध्ययन कार्यकम को देर से पूरा कर सकेंगे।

**कृपया ध्यान दें :**

प्रस्तुत की गई अनुवाद परियोजना की एक प्रति (फोटोकॉपी) अपने पास अवश्य रख लें।

**शुभकामनाओं सहित।**

Scanned with CamScanner

## തൃശൂർ പൂരം

മനുഷ്യന്റെ സൗന്ദര്യബോധത്തിന്റെ ഉദാത്തമായ ആവിഷ്കാരമാണ് ക്ഷേത്രോത്സവങ്ങൾ മനുഷ്യനുണ്ടാവുന്ന പിരിമുറുക്കങ്ങൾ ക്കയ്വുനൽകാനും, സ്വാർത്ഥതയല്ല സാമൂഹ്യബോധമാണ് മനഃസ്വാസ്ഥ്യം നൽകുകയെന്നോർമ്മപ്പെടുത്താനും നമ്മുടെ പൂർവ്വീകർ ആവിഷ്കരിച്ച് ചിട്ടപ്പെടുത്തിയ ഉത്സവങ്ങൾ സമൂഹത്തിന്റെ ഏകതാബോധം നിലനിർത്താനും സഹായിക്കുന്നു.

വടക്കേ മലബാറിലെ ഉത്സവങ്ങളിൽ തെയ്യത്തിനും നാടൻകലകൾക്കും നൽകുന്ന പ്രാധാന്യം മധ്യകേരളത്തിൽ പൊതുവെ ഇല്ല. ഇവിടെ ആനകളെ അണിനിരത്തികൊണ്ടുള്ള എഴുന്നള്ളിപ്പുകൾക്കും വാദ്യവിശേഷങ്ങൾക്കും വെടിക്കെട്ടിനുമാണ് പ്രാധാന്യം. സന്ധ്യാസമയത്ത് ക്ഷേത്രനടയിൽ ചില നാടൻ കലാരൂപങ്ങൾ അരങ്ങേറാറുണ്ട്. കുറെക്കുടി തെക്കോട്ടേക്ക് നീങ്ങിയാൽ കലാപരിപാടികൾ കേമം; ഹരികഥ, കഥകളി, നാദസ്വരകച്ചേരി, സംഗീതകച്ചേരി, എന്നിവയ്ക്കിവിടങ്ങളിൽ പ്രാധാന്യമേറും. കുതിരവേല, കാളകളി, വള്ളംകളി എന്നിങ്ങനെ പലതും ഉത്സവത്തിന്റെ ഭാഗമായി ദേശഭേദമനുസരിച്ച് അരങ്ങേറാറുണ്ട്. ഒരു സമൂഹം മുഴുവൻ ഒന്നുചേർന്ന് ഒരേ തേവരുടെ മക്കൾ എന്നറിഞ്ഞ് ഇഷ്ടദേവന്റെ ഉത്സവം നടക്കുമ്പോൾ ഉണ്ടാകുന്ന ഏകതാബോധം സമുഹത്തിന്റെ നിലനിൽപ്പിനും നന്മയ്ക്കും വേണ്ടി നൽകുന്ന സംഭാവന വിലമതിക്കാനാവില്ല

പഴയ കൊച്ചി രാജ്യത്തെ ഏറെ പ്രാധാന്യമെറിയ ഉത്സവങ്ങളാണ് ആറാട്ടുപുഴപൂരവും തൃശൂർപൂരവും. ആദ്യത്തേതിന് പതിനാലുനൂറ്റാണ്ടിനപ്പുറം വർഷങ്ങളുടെ പാരമ്പര്യമുള്ളപ്പോൾ തൃശൂർപൂരത്തിന് രണ്ടുനൂറ്റാണ്ടിന്റെ പഴക്കമേയുള്ളു. രണ്ടും ക്ഷേത്രോത്സവങ്ങളാണെങ്കിലും തൃശൂർപൂരത്തിന് ക്ഷേത്രസംബന്ധമായ ചടങ്ങുകളേക്കാൾ പ്രാധാന്യം 30 മണിക്കൂർ നേരം 10 ദേവീദേവന്മാർ സ്വന്തം തട്ടകങ്ങൾവിട്ട് വടക്കുന്നാഥന്റെ അമ്പലപറമ്പിൽ അരങ്ങേറുന്ന ആഘോഷങ്ങൾക്കാണ്.

വടക്കുന്നാഥൻ ക്ഷേത്രവും ചുറ്റുമുള്ള പുതിയ മൈതാനവും കേന്ദ്രീകരിച്ച് തൃശൂർനഗരം സംവിധാനം ചെയ്യാൻ തുനിഞ്ഞ ശക്തൻതമ്പുരാൻ, നാടിന്റെ ഖ്യാതിവളർത്താൻ സഹായകമാകുന്ന ഒരു വാർഷിക-സംസ്കാരികോത്സവും വേണമെന്ന് തീരുമാനിച്ചു.

## ഫോക്‌ലോർ

യൂറോപ്യൻ കാല്പനിക പ്രസ്ഥാനത്തിന്റെയും ദേശീയതാവാദത്തിന്റെയും ആശയലോകങ്ങളാണ് ഫോക്‌ലോർ ഒരു പ്രത്യേകവിഷയമായി ഉരുത്തിരിയുന്നതിന് പശ്ചാത്തലമൊരുക്കിയത്. ഈ വിഷയം ഇന്ത്യയിലെത്തിയപ്പോൾ സ്വാഭാവികമായും കടംകൊണ്ട രീതിശാസ്ത്രമായാണ് അത് പ്രവർത്തിച്ചുതുടങ്ങിയത്. മാത്രവുമല്ല, തങ്ങളുടെ പഠനവിഷയം നാടൻ അല്ല എന്ന് സ്ഥാപിക്കാനുള്ള വ്യഗ്രതയും ഇവിടത്തെ ഫോക്‌ലോർ പണ്ഡിതന്മാരെ നയിച്ചിരിക്കാം. ഈ വ്യഗ്രത താരതമ്യേന കൂടുതലായി പ്രവർത്തിച്ച ഇടം കേരളമാണെന്നും കരുതാം. അതുകൊണ്ടു തന്നെയാണ് ഫോക്‌ലോറിന് മലയാളത്തിൽ ഒരു പേര് കണ്ടെത്തണമെന്നും അത് പ്രചരിപ്പിക്കണമെന്നും അവർക്ക് തോന്നാതിരുന്നത്. ഫോക്‌ലോർ എന്ന ഇംഗ്ലീഷ് പദത്തിന്റെ അർത്ഥവ്യാപ്തി മലയാളത്തിലെ ഒരു പദത്തിനും ലഭ്യമാവില്ലെന്ന് സ്ഥാപിക്കാനുള്ള വ്യഗ്രതയിലായിരുന്നു അവർ. ഒരു ജനതയുടെ 'തനതിനെ' അന്വേഷിക്കുന്ന വിഷയത്തിന് ഒരു തനത് രീതിശാസ്ത്രം വേണമെന്ന തോന്നലും അവർക്കുണ്ടായില്ല. 'ഫോക്‌ലോറിന് ഒരു പഠനപദ്ധതി' എന്ന ഗ്രന്ഥത്തിൽ രാഘവൻ പയ്യനാട് ഈ വഴിക്ക് ഒരു ശ്രമം നടത്തിയെങ്കിലും ഫോക്‌ലോറിനെ രൂപപ്പെടുത്തുന്ന കൂട്ടായ്മയുടെ ജീവിതധാരണയും സമീപനങ്ങളും ജനജീവിതത്തെ നിയന്ത്രിക്കുന്ന സാമ്പത്തിക- സാമൂഹ്യസ്വാധീനങ്ങൾക്കെല്ലാം പുറത്താണെന്ന പൂർവനിശ്ചിതനിലപാടാണ് ആ ശ്രമത്തെ നിയന്ത്രിച്ചതെന്നതുകൊണ്ടു തന്നെ അത് വസ്തുതകളാൽ സമ്പന്നമായിരിക്കുമ്പോഴും ദർശനതലത്തിൽ ശുഷ്കമായിത്തീർന്നു. കൂട്ടായ്മയുടെ വിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും കൂട്ടായ്മയ്ക്കു പുറത്തുള്ള നിലപാടുകളാൽ അപഗ്രഥിക്കുകയോ ചോദ്യം ചെയ്യുകയോ മൂല്യനിർണയം നടത്തുകയോ ചെയ്യരുത് എന്നതാണ് ഫോക്‌ലോറിസ്റ്റുകളിൽ ബഹുഭൂരിപക്ഷത്തിന്റെയും നിലപാട്. 'ഫോക്‌ലോറിന് ഒരു പഠനപദ്ധതി'യിൽ രാഘവൻ പയ്യനാട് സ്വീകരിച്ച നിലപാടും അതു തന്നെ.



Scanned with CamScanner

## പരിസരം

നാം ജീവിക്കുന്ന പരിസരം നിരന്തരമായി മാറിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിയുടെ പ്രതിഭാസങ്ങളാണു കാരണം. അതിന്മേൽ നമുക്ക് കൈയൊന്നുമില്ല. ഈ മാറ്റത്തിന്റെ ഉദാഹരണമാണ് ദിനാവസ്ഥയും കാലാവസ്ഥയും. പ്രത്യേകിച്ചും ഉയർന്ന ഭൂതലങ്ങളിൽ. ഇനിയും കാരണങ്ങളുണ്ട്. ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവ്. സൺ സ്പോട്സ് - സൂര്യനിൽ കാണുന്ന കറുത്ത പൊട്ടുകൾ അഗ്നിപർവത സ്ഫോടനം ഭൂമികുലുക്കം. ചുഴലിക്കാറ്റ്. വെള്ളപ്പൊക്കം. കാട്ടുതീ.

എന്നാലും ഭൂമിയിൽ ജീവൻ ഈ പരിസ്ഥിതി മാറ്റങ്ങളെ അതിജീവിച്ചു കൊണ്ടിരിക്കുന്നു.

മനുഷ്യരാശി മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയോട് അനുനയിച്ചിരിക്കുന്നു. 10,000 കൊല്ലങ്ങൾക്ക് മുമ്പ് ഭൂമിയുടെ വടക്കൻ പകുതി മഞ്ഞു കൊണ്ട് മൂടിയിരുന്നു. അതിനേയും ജീവൻ അതിജീവിച്ചു. ഈ നൈസർഗിക മാറ്റങ്ങൾ വളരെ കൊല്ലങ്ങൾ എടുത്തുകൊണ്ടാണ് സംഭവിച്ചത്. പലപ്പോഴും നൂറ്റാണ്ടുകൾ കൊണ്ട്.

ഈ അടുത്തകാലം വരെ മനുഷ്യന്റെ പ്രവൃത്തികൾ പരിസരത്തിന് കാര്യമായ പരിക്കൊന്നും എല്പിച്ചില്ല. ഒരപവാദമേയുള്ളു. അവൻ ഒരുപാട് കാടുകൾ വെട്ടി നശിപ്പിച്ചു. കൃഷിയിടങ്ങളാക്കി. യൂറോപ്പിലും ചൈനയിലും മദ്ധ്യതെക്കൻ ആഫ്രിക്കയിലും.

18 ാം നൂറ്റാണ്ടിന്റെ ഒടുവിൽ വ്യാവസായിക വിപ്ലവം കഴിഞ്ഞ് 20 ാം നൂറ്റാണ്ടിന്റെ അവസാനം വരെ പരിസ്ഥിതിയോട് മനുഷ്യന്റെ കടന്നാക്രമണം വർദ്ധിച്ചുവന്നു. ജനസംഖ്യാവളർച്ച പിന്നെ വ്യവസായീകൃത രാജ്യങ്ങളിലെ കൂടുതലായ വിഭവ ഉപഭോഗം. ഈ മാറ്റങ്ങളുടെ പ്രത്യേകത വളരെ ചെറിയ കാലയളവുകൊണ്ട് അവ ആഘാതങ്ങൾ സൃഷ്ടിച്ചു എന്നതാണ്. ഫലമോ? പരിസ്ഥിതിയിന്മേലുള്ള പരിക്കുകൾ പ്രകടമായ ആഘാതങ്ങൾ ഉളവാക്കി. ഇതിൽപ്പെടുന്ന പ്രധാനപ്പെട്ട ഒരു ഘടകമാണ് ഊർജ്ജ ഉല്പാദനപ്രക്രിയകൾ പ്രകൃതിക്ക് ഏല്പിച്ച ആഘാതങ്ങൾ. അതിലേക്കാണ് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

മാനവപുരോഗതിക്കും വികസനത്തിനും അത്യാവശ്യഘടകമാണല്ലോ ഊർജ്ജം. മനുഷ്യരാശിയുടെ ചരിത്രം നോക്കിയാൽ കാണാം സംസ്കാരപുരോഗതിയുടെ ഓരോ ഘട്ടത്തിന്റെയും പുറകിൽ ഊർജ്ജവിഭവ ആധുനികവൽക്കരണവും പുതിയ പുതിയ സ്രോതസ്സുകളുടെ കണ്ടെത്തലും ഉണ്ടെന്ന്.

## കേരളീയത

എന്താണ് കേരളീയത എന്നത മാദ്ധ്യമപ്രവർത്തകൻ എന്ന നിലയിലും കലാകാരനെന്ന നിലയിലും എന്നെ നിരന്തരമായി അലട്ടിയിട്ടുള്ള ഒരു പ്രശ്നമാണ്. ആദ്യം മനസ്സിൽ വരുന്ന കേരളീയതയുടെ അംശം ഒരുപക്ഷേ, നമ്മുടെ ഭാഷതന്നെയാണ്. നമ്മുടെ ഭാഷയ്ക്ക് എത്ര പഴക്കമുണ്ടെന്ന് നമുക്ക് അവകാശപ്പെടാൻ വയ്യ. ഏതായാലും ആധുനികം എന്നുപറയുന്ന മലയാളഭാഷയ്ക്ക് 500 ലധികം വർഷത്തെ പഴക്കമില്ല എന്നു നമുക്കറിയാം. പക്ഷേ, 500 വർഷം കുറഞ്ഞ ഒരു കാലയളവല്ല. കാരണം ആധുനിക ആംഗലേയഭാഷയ്ക്ക് അതിൽ കുറച്ചേ വയസ്സുള്ളു. അപ്പോൾ ഇംഗ്ലീഷിനേക്കാൾ പ്രായമുള്ള ഒരു ഭാഷയാണ് നമ്മുടെ കൊച്ചുമലയാളഭാഷ. അത്ര മോശപ്പെട്ട കാര്യമൊന്നുമല്ല. പക്ഷേ, എത്രമാത്രം പരിശുദ്ധി ആ ഭാഷയ്ക്ക് അവകാശപ്പെടാം എന്നുള്ള കാര്യത്തിൽ സന്ദേഹങ്ങളുണ്ട്. മണിപ്രവാളകാലം. അതിനുമുമ്പ് നമ്മുടെ പ്രധാനപ്പെട്ട എഴുത്തുകാരെല്ലാം തമിഴിൽ എഴുതിയിരുന്ന ഒരു ഘട്ടം, അതിനും മുമ്പ് ഒരുപക്ഷേ, നമ്മുടെ പ്രധാനപ്പെട്ട എഴുത്തുകാർ, പ്രത്യേകിച്ചും കൂടിയാട്ടം കഥകളുടെയും നാടകങ്ങളുടെയും കർത്താക്കൾ കേരളത്തിലുണ്ടായിരുന്നു എന്നതിൽനിന്ന് സംസ്കൃതത്തിൽ വ്യുൽപ്പത്തി നേടിയിരുന്ന ഗ്രന്ഥകാരന്മാർ നമ്മുടെ കേരളക്കരയിൽ ജീവിച്ചിരുന്നു എന്നതിന് തെളിവുണ്ട്.

ഈ ഭാഷകളെല്ലാം നൂറ്റാണ്ടുകളിലൂടെ, ധാരാളം സംഭാവന ചെയ്തിരുന്നു. വെറും സംസാരഭാഷ മാത്രമായിരുന്ന ഒരു ഭാഷ കുറേശ്ശെ ഉരുത്തിരിഞ്ഞ് ശരിക്കും ഉരുണ്ട്, വകതിരിഞ്ഞ് ഉണ്ടായ ഒരു ഭാഷയാണ് മലയാളം.

ഏതാണ്ട് അതേ വേഗത്തിൽതന്നെ നമ്മുടെ ഭാഷയിൽ വീണ്ടും കൂട്ടലുകളും കുറയ്ക്കലുകളും നടത്തിയ അനുഭവവുമുണ്ട്. ഏറ്റവും വികൃതമായി നമ്മൾ ചെയ്ത മാറ്റം, നമ്മുടെ പരിഷ്കാരത്തിന്റെയൊരു ഘട്ടത്തിൽ മലയാള അക്ഷരങ്ങളങ്ങു മാറ്റിയതാണ്. എന്നിട്ട് റോമൻ അക്ഷരങ്ങൾ സ്വീകരിച്ചു.

### നോക്കുകുത്തികൾ

ശരിക്കും മുഴുത്തുനിൽക്കുന്ന ഒരു വയലിൽ അവിടവിടെ നോക്കുകുത്തികൾ നിൽക്കുന്നതുപോലെയാണ് ഈ അക്ഷരങ്ങൾ മലയാള അക്ഷരങ്ങൾക്കിടയിൽ നിൽക്കുന്നത്. എന്തുകൊണ്ട് മലയാളികൾ ഈ ചേരാത്ത അക്ഷരങ്ങളെ അവിടവിടെ ഇങ്ങനെ നോക്കുകുത്തികളാക്കി നിർത്തി എന്നത് നമുക്ക് സ്വയം ചോദിക്കാം.



Scanned with CamScanner

## നോർബി എന്ന വർണ്ണാന്ധൻ

നുട്ട് നോർബിതന്നെ ഒരു കാഴ്ചയായിരുന്നു. കണ്ണുകൾക്കിരുവശവുംകൂടി മൂടിയടച്ച സോഡാക്കുപ്പിച്ചില്ലുകൾപോലുള്ള തടിച്ച കണ്ണട രണ്ടെണ്ണം ഒന്നിനുപുറത്തൊന്നായിവച്ച് തലചരിച്ച് എങ്കോണിച്ചുനോക്കിനടക്കുന്ന വിദ്വാൻ. പക്ഷേ ഇരുട്ടടഞ്ഞ കഫറ്റേറിയയിൽ കയറിയപ്പോൾ സർവ്വത്ര സന്തോഷം. കണ്ണടയൊക്കെ എടുത്തുമാറ്റി നോർബി പ്രസന്നനായി. മെനുകാർഡു കിട്ടിയപ്പോൾ അതു വായിക്കാൻ പോക്കറ്റിൽനിന്ന് ഒരു ഭൂതക്കണ്ണാടി പുറത്തെടുത്തു. കുറച്ച് അകലെ ഭിത്തിയിൽ 'അന്നത്തെ സ്പെഷ്യൽ വിഭവങ്ങൾ' ചോക്കുകൊണ്ടെഴുതിയതു വായിക്കുന്നതിന് ഒരു ചെറിയ ടെലസ്കോപ്പുപോലുള്ള വേറൊന്ന്. പക്ഷേ പാതിവെട്ടത്തിൽ കൊണ്ടുവച്ച വിഭവങ്ങളൊക്കെ നേരേചൊവ്വേ കണ്ടതു നോർബി മാത്രം.

എന്നാൽ അദ്ഭുതപ്പെട്ടുപോയത് നോർബിയുടെ രാക്കാഴ്ചയുടെ കഴിവ് അറിഞ്ഞപ്പോഴാണ്. നീലാകാശത്തിൽ അവരാരും കാണാത്ത നക്ഷത്രക്കൂട്ടങ്ങളെ നോർബി കണ്ടു. പൊൻകട്ടപോലത്തെ ചോതിയും, പാമരംപോലുള്ള പുണർതവും നുകംപോലുള്ള മകവും ഒക്കെ നോർബി ചൂണ്ടിക്കാട്ടിയപ്പോൾ അദ്ദേഹത്തിന്റെ രാക്കാഴ്ചയുടെ സാകല്യം തെളിയിച്ച പാഠമായിരുന്നു. അതു ദൂരക്കാഴ്ച ഒട്ടും കാണുകില്ല എന്നുനിനച്ച ഒരാളിൽ ഒട്ടും പ്രതീക്ഷിച്ചതേയില്ലായിരുന്നു. ഇതിനൊരു ഉത്തരം ദുസ്സാധ്യവുമാണ്. നിതാന്തമായി ചലിക്കുന്ന കണ്ണുകളിൽ കഷ്ടിച്ചുവീഴുന്ന നക്ഷത്രങ്ങളുടെ വെട്ടം തപ്പിയെടുക്കാൻ റോഡുകളുടെ ശക്തിയാണു മെച്ചം.

സംഘാംഗങ്ങൾ ഒത്തുകൂടിയതിന്റെ പിറ്റേന്നുതന്നെ അവർ പിംഗിലാപ്പിലേക്കു യാത്രതിരിച്ചു.

### പിംഗളയല്ലാത്ത പിംഗിലാപ്പ്

അമേരിക്കൻ പട്ടാളത്തിനൊഴിച്ച് മറ്റാർക്കും പ്രവേശനമില്ലാത്ത ജോൺസൺ ദ്വീപിലേക്കും പിന്നെ മാർഷൽ ദ്വീപിലേക്കും എബയിലേക്കും ഒടുവിൽ പിംഗിലാപ്പിലേക്കുമുള്ള വിമാനയാത്ര അപകടകരമായിരുന്നു; അതും പഴകിയ വിമാനങ്ങളിൽ; ഇറങ്ങേണ്ടിടത്ത് ഇറങ്ങാത്ത, ആഞ്ഞടിക്കുന്ന കാറ്റത്ത് വഴിതെറ്റി പറന്നുപോകുന്ന കൊച്ചു കളിപ്പാട്ടങ്ങൾപോലുള്ളവ. അങ്ങനെയൊന്നിലായിരുന്നു ക്വയലിൻ ദ്വീപിൽ (Kwajalein) നിന്നും പിംഗിലാപ്പിലേക്കുള്ള യാത്ര. നിലത്തിറങ്ങിയപ്പോൾ വിമാനം ഒരടികൂടി ഓടിയിരുന്നെങ്കിൽ സമുദ്രത്തിൽത്തന്നെ ചെന്നുവീണേനെ.

പോൺപേ ദ്വീപിന്റെ ചുറ്റുംകിടക്കുന്ന ഒട്ടേറെ ദ്വീപുകളിലൊന്നാണ് പിംഗിലാപ്പ് 180 മൈൽ അകലെ ഫെഡറേറ്റഡ് സ്റ്റേറ്റ്സ് ഒഫ് മൈക്രൊനേഷ്യ എന്ന 607 ദ്വീപസമൂഹങ്ങളിൽ ജനവാസമുള്ള ഒന്ന് (4). പിംഗിലാപ്പെന്ന ചൊട്ടദ്വീപിന്റെ ആകെ വിസ്തീർണ്ണം ഒന്നേമുക്കാൽ ചതുരശ്ര കിലോമീറ്ററിനു താഴെ. സമുദ്രനിരപ്പിൽനിന്നു കഷ്ടിച്ച് പത്തുപന്ത്രണ്ടടി ഉയർന്ന പച്ചത്തഴപ്പുകൾ ഭ്രാന്തുപിടിച്ചതുപോലെ വളർന്നുകയറിയ, മുറിഞ്ഞ മോതിരംപോലെ തോന്നുന്ന മൂന്നു തുണ്ടുഭൂമികൾ ചേർന്നുകിടക്കുന്നു ഇത്.

ചെന്നിറങ്ങിയപ്പോഴേ കണ്ടത് തെങ്ങും മാവും കടപ്ളാവും വാഴയും വമ്പൻചേമ്പുമൊക്കെ തഴച്ചുവളർന്നു കാടുപിടിച്ചുകിടക്കുന്നതാണ്. സർവ്വവും പച്ച; ചുവപ്പും, പിംഗളവും നന്നേ കുറവ്. കാണാത്ത വർണ്ണത്തിനെന്തേ പ്രസക്തി എന്നു കരുതി കാലംതന്നെ കുറച്ചതാവാം കടുത്ത നിറങ്ങൾ.

## തൊഴിൽ മേഖലയും കുത്തക-ചെറുകിട വ്യാപാരവും

1990 നു ശേഷം ഇൻഡ്യൻ കാർഷിക മേഖലയിൽ ഗണ്യമായ തകർച്ച ഉണ്ടായി.

ഉത്പാദന ഇടിവിനൊപ്പം കാർഷികവൃത്തി ഉപേക്ഷിച്ച്, കൃഷിക്കാർ വൻതോതിൽ മററുമേഖലകളിൽ അഭയംതേടി. ഉല്പന്ന നിർമ്മാണ മേഖലയും (Manufacture) കാര്യമായി മുന്നേറിയില്ല. ചെറുകിട ഉത്പാദന മേഖലയും മുരടിച്ചു.1992-93 മുതൽ 2001-02 കാലഘട്ടത്തിൽ ഇൻഡ്യയുടെ സംഘടിത മേഖലയിൽ ആകെ ഉണ്ടായ തൊഴിലുകളുടെ എണ്ണം കേവലം 30,000 ആയിരുന്നു. എംപ്ളോയിമെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽ ലഭിക്കുവാൻ വേണ്ടി പേർ രജിസ്റ്റർ ചെയ്തവരുടെ എണ്ണം 413.88 ലക്ഷമാണ്. എന്നാൽ തൊഴിൽ മേഖലയിൽ ഉണ്ടായ അല്പവളർച്ച പ്രധാനമായും സേവനമേഖല കേന്ദ്രീകരിച്ചായിരുന്നു. സേവന മേഖലയിലെ, കച്ചവട മേഖല ഒഴികെയുള്ള ജോലികൾ, സാങ്കേതിക വിജ്ഞാനത്തിന്റെ അഭാവത്തിൽ, കാർഷിക-ചെറുകിട നിർമ്മാണ മേഖലയിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ടവർക്ക് പ്രാപ്തമല്ല. ആയതിനാൽ അക്കൂട്ടത്തിൽ വലിയ ഒരുവിഭാഗം ആളുകൾ ചെറുകിട കച്ചവടമേഖലയിൽ എത്തപ്പെടുന്നു. കാർഷികജോലി നഷ്ടമാകുമ്പോൾ, പച്ചക്കറി തലച്ചുമടായി കച്ചവടം ചെയ്യുന്നത് തൊഴിലായി സ്വീകരിക്കപ്പെടുന്നു. ഇന്നിപ്പോൾ ചെറുകിട കച്ചവടമേഖലയിൽ നേരിട്ട് തൊഴിൽ ലഭ്യമാക്കിയ 4 കോടി ആളുകൾ ഇൻഡ്യയിലുണ്ട്. മററു രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായി ഇതിൽ 98% ആളുകളും ചെറുകിട വ്യാപാരത്തിന്റെ അസംഘടിത മേഖലയിലുള്ളവരാണ്. 2003-ലെ, ഫെഡറഷൻ ഓഫ് ഇൻഡ്യൻ ചെയിമ്പർ ഓഫ് കോമേഴ്സിന്റെ കണക്കുപ്രകാരം, ചെറുകിട മേഖലയുടെ വിററുവരവ് 11 ലക്ഷം കോടിയാണ്. പ്രതിവർഷം 40% വച്ച് ചെറുകിട വ്യാപാരം ഇൻഡ്യയിൽ വളരും എന്നും അവർ പറയുന്നു. അതായത് 2010ൽ ചെറുകിട വ്യാപാരമേഖലയുടെ വിററുവരവ് 88,000 ബില്ല്യൻ രൂപയാകും. ആയതിനാൽ തൊഴിലവസരങ്ങളുടെ എണ്ണം, എത്ര ചെറിയ വർദ്ധനവിൽ കണക്കാക്കിയാലും ഏകദേശം 15-20 കോടിയിൽ എത്താം.



Scanned with CamScanner

## ആളുൾ ദ്രാവിഡർ

ഹിമാലയത്തിൽ നിന്നിറങ്ങിയാൽ ശാഖോപശാഖകളോടു കൂടിയ നദികളും, അവ പർവ്വത ശിഖരങ്ങളിൽ നിന്നു വാരിവലിച്ചെത്തിച്ച കല്ലും മണ്ണും കൊണ്ടു തൂർന്നു നിരപ്പായിത്തീർന്ന വളക്കൂറേറിയ ഭൂഭാഗങ്ങളുമാണ്. അവിടങ്ങളിൽ വച്ചു ക്രിസ്ത്വബ്ദാൽ പൂർവവും പരവുമായി ആര്യ ദ്രാവിഡർ തമ്മിൽ നടന്ന മഹാസമരങ്ങളുടെ ത്ഡണത്ഡണ നാദം, രാമായണവും മഹാഭാരതവും ഇന്ത്യൻ സംസ്കാരത്തിന്റെ ചെപ്പേടുകളെന്ന നിലയ്ക്കു പരിശോധിച്ചിട്ടുള്ളവരുടെ ചെവികളിൽ ഇന്നും പ്രതിധ്വനിക്കാൻ പാടുണ്ട്. ഗംഗാതീരത്തിൽ നിന്നു കിഴക്കോട്ടു നീങ്ങി ബംഗാളിലേക്കു കടന്നാൽ കാണുന്നവർ ഒരു വക. ഗംഗയ്ക്കരികത്തായാൽ ആളുകൾക്കു ബ്രാഹ്മണ്യം കൂടി. അവിടെനിന്നു സൈന്ധവ ദേശത്തോളം ചെന്നാൽ മിശ്രമേ മിശ്രം. അവിടെ കാണുന്ന വെങ്കലക്കൂട്ടുകളിൽ എന്തോക്കെ ചേർന്നിട്ടുണ്ടോ ആവോ ? എങ്ങനെയായാലും ക്ഷത്രിയ വൈശ്യ ധർമ്മങ്ങൾക്കാണ് ആ ഭാഗങ്ങളിൽ പ്രാധാന്യം.

ആര്യന്മാർക്കും മുമ്പ് ഉത്തരഭാരതത്തിൽ സംസ്കാര സമ്പന്നരായൊരു വർഗക്കാരുയിരുന്നുവെന്നും അവർ ദ്രാവിഡരായിരുന്നുവെന്നും ഇപ്പോൾ വിദ്വത്സമ്മതമായിട്ടുണ്ടല്ലോ. സംസ്കാര വികാസ വിഷയകമായി ഉപര്യുപരി ഗവേഷണങ്ങൾ നടത്തിയ ചില പണ്ഡിതവര്യന്മാരുടെ അഭിപ്രായത്തിൽ ആ ദ്രാവിഡർ - മേൽപ്പറഞ്ഞ നദികളുടെ തീരങ്ങളിലൊക്കെ നഗരങ്ങൾ കെട്ടി രാഷ്ട്രങ്ങൾ സ്ഥാപിച്ച ദ്രാവിഡർ - രണ്ടു മഹാഗണങ്ങൾ സമ്മേളിച്ചുണ്ടായവരാണ് - മരുമക്കത്തായികളും മക്കത്തായികളും. മരുമക്കത്തായികൾ ഗംഗയ്ക്കു കിഴക്കായിരുന്നുവത്രേ ആദ്യം. പിന്നീടവർ പടിഞ്ഞാറൻ ഭാഗങ്ങളിലേക്കു നീങ്ങി മക്കത്തായികളുമായി കൂടി. ആ ഒഴുക്കിൽ ദ്രാവിഡർ കലർപ്പിനിടയാകാതെ കടൽത്തീരങ്ങളിലൂടെ തെക്കൊട്ടു കടന്നിരിക്കാമെന്നൊരു മതമുണ്ട്. ആ സ്ഥിതിക്ക് ബംഗാളികളും മലയാളികളും തമ്മിൽ കൂടുതൽ സാരൂപ്യം ഉണ്ടാകാൻ പാടില്ലേ? ബംഗാൾ ദ്രാവിഡർ മക്കത്തായികളായ ആര്യന്മാരുമായി ഇണങ്ങി മേൽക്കുമേൽ പരിഷ്കാരം പ്രാപിച്ചു കഴിഞ്ഞു. മലയാളികൾ മരുമക്കത്തായികൾ പരിഷ്കാരത്തിന്റെ മറുതല കണ്ടിട്ടും തായ് വഴി വിട്ടു തന്തവഴി പിടിച്ചു കഴിഞ്ഞിട്ടില്ല.

## സൈന്ധവ സംസ്കാരം

ഏതാണ്ട് 68 വർഷം മുമ്പ് ഹാരപ്പ -മോഹഞ്ചദാരോ പ്രദേശങ്ങളിൽ നടന്ന ഗവേഷണത്തിന്റെയും ഉദ്ഖനനത്തിന്റെയും ഫലമായി മൺമറഞ്ഞുപോയ ഒരു മഹാ നാഗരികതയുടെ അവശിഷ്ടങ്ങൾ കണ്ടെത്തി. ക്രീറ്റ്, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ കണ്ടെത്തിയിട്ടുള്ള പുരാതന സംസ്കാരങ്ങളെ അപേക്ഷിച്ച് ജീവിതത്തിന്റെ എല്ലാ തുറകളിലും ഉന്നത നിലവാരം പുലർത്തിയിരുന്ന ഒരു സംസ്കാരമാണ് ഭാരതത്തിൽ നിലനിന്നിരുന്നതെന്ന് തുടർന്നുള്ള പഠനങ്ങളിൽനിന്ന് വ്യക്തമായി. ഇന്ത്യയുടെ വടക്കു പടിഞ്ഞാറു, സിന്ധുനദിതീരത്തു മാത്രമായി ഒതുങ്ങിനിന്ന ഒരു സംസ്കാരമായിരുന്നില്ല അത് ഇന്ത്യൻ ഉപഭൂഖണ്ഡം മുഴുവനും മദ്ധ്യധരണ്യാഴി തീരങ്ങളും ഉൾപ്പെടെ അതിവിപുലമായ ഒരു ഭൂപ്രദേശത്ത് വ്യാപിച്ചിരുന്ന സംസ്കാരമായിരുന്നു സിന്ധുനാഗരികത. അതു ദ്രാവിഡസംസ്കാരമായിരുന്നുവെന്ന് മിക്ക ചരിത്രകാരന്മാരും ഇന്നു സമ്മതിക്കുന്നുണ്ട്. എന്നാൽ പുരാതന ദ്രാവിഡ സംസ്കാരത്തിന്റെ വ്യാപ്തിയെക്കുറിച്ചോ അവരുടെ ചിന്തകളെക്കുറിച്ചോ കാര്യമായ അറിവുകളൊന്നും ചരിത്രകാരന്മാർക്ക് ആർക്കും ലഭ്യമായിട്ടില്ല. സുകുമാരകലകൾ, കരകൗശലവിദ്യകൾ, കെട്ടിടനിർമ്മാണം, നഗരാസൂത്രണം തുടങ്ങിയ കാര്യങ്ങളിൽ സൈന്ധവജനത അത്ഭുതകരമായ സാമർത്ഥ്യം പ്രകടിപ്പിച്ചിരുന്നുവെന്നതിന് ധാരാളം തെളിവുകളുണ്ട്.

'സംസ്കാരത്തിന്റെ ആട്ടുതൊട്ടി'ലാണ് സിന്ധു നദീതടസംസ്കാരം. ലോകത്ത് അറിയപ്പെടുന്ന പുരാതന സംസ്കാരങ്ങളെല്ലാം നദീതടങ്ങളിലായിരുന്നു. മറ്റു നദീതട സംസ്കാരങ്ങളുടെയെല്ലാം കേന്ദ്രം എന്ന നിലയ്ക്കാണ് സിന്ധുനദീതട സംസ്കാരത്തെ കണക്കാക്കിയിരുന്നത്. സംകാലീന സംസ്കാരങ്ങളെല്ലാം പ്രചോദന മുൾകൊണ്ടിരുന്നത് സൈന്ധവ സംസ്കാരത്തിൽ നിന്നാണ് എന്നതിന് വ്യക്തമായ തെളിവുകളുണ്ട്.



Scanned with CamScanner

## ചരിത്രം

മാർത്താണ്ഡവർമ്മയെ തുടന്ന് തിരുവിതാംകൂറിൽ സിംഹാസനാരോഹണംചെയ്ത രാമവർമ്മ ധർമ്മരാജാവ് ഒരുയുദ്ധകുതുകി ആയിരുന്നില്ല. രാജ്യത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നുവെങ്കിൽകൂടി രാജ്യത്തിനകത്ത് സാമാധാനവും പരിഷ്കാരവും കൈവരുത്തുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ കൂടുതലായി പതിഞ്ഞത്. പക്ഷേ, സംഭവഗതികൾ തിരിഞ്ഞാണ് ഉണ്ടായത്. കൊച്ചീരാജ്യം അപ്പോഴും മിക്കവാറും സാമൂതിരിയുടെ കൈവശത്തിലായിരുന്നു. അതെങ്ങനെയും വീണ്ടെടുത്തുകൊടുക്കണമെന്നുള്ള അപേക്ഷയുമായി പാലിയത്തു കോമ്പിയച്ചൻ തിരുവനന്തപുരത്തുവന്നു. 1761 അവസാനത്തിൽ അതിന്റ അടിസ്ഥാനത്തിൽ കൊച്ചിയുമായി തിരുവിതാംകൂർ ഒരു സന്ധിയിൽ ഏർപ്പെട്ടു. കൊച്ചിരാജ്യത്തു നിന്നും സാമൂതിരിയെ തുരത്താനായി തിരുവിതാംകൂർ പട്ടാളത്തെ അയച്ചു കൊടുക്കണമെന്നും, പകരം കരപ്പുറത്തിന്റെമേലുള്ള സർവ്വ അവകാശങ്ങളും കൊച്ചീരാജാവ് വിട്ടുകൊടുക്കാമെന്നും, ആലങ്ങാടും പറവൂരും തിരുവിതാംകൂറിനു നൽകാമെന്നുമായിരുന്നു ആ ഉടമ്പടിയിൽ പ്രധാനമായി വ്യവസ്ഥചെയ്തിരുന്നത്. കൊച്ചിയുടെ വകയല്ലാത്ത ഏതെങ്കിലും സ്ഥലങ്ങൾ സാമൂതിരിയിൽ നിന്നും തിരുവിതാംകൂർ സൈന്യം കൈവശപ്പെടുത്തിയാൽ ആ വക സ്ഥലങ്ങൾ തിരുവിതാംകൂർ രാജ്യത്തോടു ചേർക്കുന്നതിനും കൊച്ചി സമ്മതിച്ചു.

സർവസൈന്യാധിപനായ ഡിലനായിയുടെയും അപ്പോൾ ദവളയായിരുന്ന അയ്യപ്പൻ മാർത്തണ്ഡപിള്ളയുടെയും നേതൃത്വത്തിൽ ഒരു വലിയ സൈന്യത്തെ രാമവർമ്മരാജാവ് ഉടൻതന്നെ വടക്കോട്ട് അയച്ചു. പറവൂർ എത്തിയപ്പോൾ ഡിലനായിക്ക് ഒരു തന്ത്രംതോന്നി. സൈന്യത്തെ രണ്ടായി വിഭജിച്ച് തൃശൂർ നഗരത്തെ രണ്ടു ഭാഗത്തു നിന്നും ഒരേ സമയം ആക്രമിക്കുക എന്നതായിരുന്നു ആ ബുദ്ധി. അതിൽ ഒരു വിഭാഗം മാർത്തണ്ഡപിള്ളയുടെയും മറ്റേ വിഭാഗം ഡിലനായിയുടെയും നേതൃത്വത്തിലാണ് മുമ്പോട്ടു നീങ്ങിയത് ദവളയുടെ സൈന്യം നേരെ തൃശ്ശിവപേരൂർക്കു ചെന്നപ്പോൾ. ഡിലനായി നേരെ ചേറ്റുവാ പിടിച്ചിട്ട് വടക്കോട്ടു പോകാനാണ് പ്ലാനിട്ടത്. വാസ്തവത്തിൽ ഈ തന്ത്രത്തിൽ സാമൂതിരിസൈന്യം കുടുങ്ങിപ്പോടി. ചേറ്റുവാ, കൊടുങ്ങല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും സാമൂതിരിയെ തോല്പിച്ച് വടക്കോട്ട് ഓടിച്ചതിനുശേഷം ഡിലനായി തൃശ്ശിവപേരൂർക്ക് തിരിച്ചു.

## ധൂമകേതു

അടുക്കും ചിട്ടയുമില്ലാതെ ആകാശത്ത് അലഞ്ഞുതിരിഞ്ഞ് നടക്കുന്നവരെന്ന് ഒരു കാലത്ത് പൗരാണികർ സങ്കല്പിച്ചുപോന്ന ബഹിരാകശ വസ്തുക്കളാണ് ധൂമകേതുക്കൾ അഥവാ വാൽനക്ഷത്രങ്ങൾ (comets). അവ പ്രത്യക്ഷപ്പെടുന്നത്, യുദ്ധങ്ങളോ, കലാപങ്ങളോ, പ്രകൃതി ക്ഷോഭങ്ങളോ ഭൂമിയിൽ ഉണ്ടാകാൻ പോകുന്നതിന്റെ മുന്നോടിയാണെന്നും ദുർനിമിത്തങ്ങളാണെന്നും വിശ്വസിച്ചുപോന്നു. ഈ അന്ധവിശ്വാസം അടുത്തകാലംവരെ നിലനിന്നു. 1738-ൽ വാൽനക്ഷത്തങ്ങളെക്കുറിച്ച് വോൾട്ടെയർ എഴുതിയ മനോഹരമായ കവിതാശകലത്തിൽ, അവ ആകാശത്ത് പ്രത്യക്ഷപ്പെടുന്നതും അപ്രത്യക്ഷമാകുന്നതും യാതൊരു ക്രമവുമില്ലാതെയാണെന്ന സങ്കല്പമുണ്ട്. ഒരു വാൽനക്ഷത്രംതന്നെയാണ് ഒന്നിലധികം പ്രാവശ്യം കൃത്യമായ ഇടവേളകളിൽ പ്രത്യക്ഷപ്പെടുന്നതെന്നോ അല്ലെങ്കിൽ ഒന്നിലധികം വാൽനക്ഷത്രങ്ങൾ പലപ്പോഴായി പ്രത്യക്ഷപ്പെട്ട് മറഞ്ഞു പോകുന്നുവെന്നോ അവ ഒരോന്നും പ്രത്യേകം സഞ്ചാരപഥത്തിലൂടെ സഞ്ചരിക്കുന്നുവെന്നോ ഉള്ള കാര്യങ്ങളിൽ പൗരാണികർക്ക് യാതൊരു രൂപവും ഉണ്ടായിരുന്നില്ല. ദുർനിമിത്തങ്ങളായി കാലാകാലങ്ങളിൽ പ്രത്യക്ഷപ്പെടുന്നുവെന്നതിനപ്പുറം അവയുടെ സഞ്ചാരപഥങ്ങളെ കുറിച്ചോ രസ-ഭൗതികഗുണങ്ങളെക്കുറിച്ചോ രൂപങ്ങളെക്കുറിച്ചോ, എന്തിന് സൗരയൂഥത്തിന്റെ ഭാഗമാണെന്നതിനെക്കുറിച്ചുപോലുമോ അവർക്കൊന്നും അറിഞ്ഞു കൂടായിരുന്നു.

ഹാലെ വാൽനക്ഷത്രം (Halley's Comet) എന്ന് പിൽക്കാലത്ത് നാമകരണം ചെയ്യപ്പെട്ട - ദുർനിമത്തമെന്ന് പൗരാണികർ സങ്കല്പിച്ചുപോന്ന - ബഹിരാകശവസ്തുവിനെ 1066-ലാണ് ആദ്യം കണ്ടത്. ഒരു മലയോളം മാത്രം വലിപ്പം വരുന്ന ഇത്തരം ബഹിരാകാശസന്ദർശകരെ സംബന്ധിച്ചുള്ള പൗരാണികരുടെ കഥകളിൽ ആധുനിക ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നില്ല.



Scanned with CamScanner

## ഓഹരിവിപണി

**വി**വരസാങ്കേതികവിദ്യ, ആശയവിനിമയം, വിനോദം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ഓഹരിവിലയിൽ സമീപകാലത്തുണ്ടായ കുതിച്ചുകയറ്റം കാര്യങ്ങളെ സമചിത്തതയോടെ നോക്കിക്കാണാൻ കഴിവുള്ളവരെപ്പോലും സ്തബ്ധരാക്കിയിരിക്കുകയാണ്. ഇത്തരം കമ്പനികൾക്ക് ഓഹരിവിപണിയിലുള്ള മൂല്യം 10,000 കോടി രൂപയിൽ നിന്ന് കേവലം അഞ്ചുവർഷം കൊണ്ട് 4,40,000 കോടിയായി ഉയർന്നതുതന്നെ പ്രധാന കാരണം.

വിവരസാങ്കേതികവിദ്യയുടെ വളർച്ചയ്ക്കാവശ്യമായ സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചെടുക്കുന്നതിൽ ഇന്ത്യൻ വിദഗ്ധർക്കുള്ള മേന്മ ലോകം ഇതിനകം അംഗീകരിച്ചുകഴിഞ്ഞു. ഇന്ന് സിലിക്കൺവാലിയിൽ പ്രവർത്തിക്കുന്ന വിവരസാങ്കേതികവിദ്യയിൽ കേന്ദ്രീകരിച്ചിട്ടുള്ള കമ്പനികളിൽ 30 ശതമാനവും ഇന്ത്യൻ പങ്കാളിത്തമുള്ളവയാണ്. അവിടെയുള്ള കോടീശ്വരന്മാരിൽ മൂന്നിലൊരുഭാഗവും ഇന്ത്യക്കാരോ ചൈനക്കാരോ ആണ്. പ്രവാസി ഇന്ത്യക്കാരനും കംപ്യൂട്ടർ അസോസിയേറ്റ്സ് എന്ന കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവുമായ സഞ്ജയ് കുമാർ കഴിഞ്ഞ വർഷം 1500 കോടി രൂപ സമ്പാദിച്ചുകൊണ്ട് ലോകത്തിലെ ഏറ്റവുമധികം ശമ്പളം പറ്റുന്ന മാനേജർമാരിലൊരാളായി മാറി.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി(IIT)യുടെ സൃഷ്ടിയായ ഡോ. നേത്രാവലി ലോകത്തെ ഏറ്റവും വലിയ വ്യവസായ ഗവേഷണ സംവിധാനമായ ബെൽ ലബോറട്ടറീസിന്റെ മേധാവിയായി അവരോധിക്കപ്പെട്ടിരുന്നു. സ്വന്തമായി 30,000-ൽപരം പേറ്റന്റുകളുള്ള സ്ഥാപനമാണത്. അടുത്തിടെ മൂന്ന് ഇന്ത്യക്കാർ സാക്ഷാൽ മൈക്രോസോഫ്റ്റിന്റെ വൈസ് പ്രസിഡന്റുമാരായും ഉയർന്നുവന്നിട്ടുണ്ട്.

ഇന്ത്യക്കാരനായ അസിം പ്രേംജിയുടെ വിപ്രോ എന്ന കമ്പനിക്കുണ്ടായിരുന്ന 75 ശതമാനം ഓഹരി ഒരു സമയത്ത് 1,50,000 കോടി രൂപയുടെ മൂല്യം നിലനിർത്തിക്കൊണ്ട് അദ്ദേഹത്തെ ലോകത്തിലെ രണ്ടാമത്തെ കോടീശ്വരനാക്കി മാറ്റിയിരുന്നു. ഒന്നാമത്തെയാൾ മൈക്രോസോഫ്റ്റിന്റെ സ്ഥാപകനായ ബിൽ ഗേറ്റ്സും. ഓഹരികളിൽ സമീപകാലത്തുണ്ടായ വിലയിടിവ് അവയുടെ കറൻസി മൂല്യം കുറച്ചിരിക്കാം. എങ്കിലും സമ്പദ്ഘടനയിൽ വിവരസാങ്കേതികവിദ്യയുടെ സ്ഥാനം ചോദ്യം ചെയ്യാനാവാത്തവിധം ഉറച്ചുകഴിഞ്ഞു.

അമേരിക്കയിലെ വലിയ ഇൻഫോടെക് കമ്പനികളിലൊന്നായ സിഡ്കോയിലെ 23,000 ജോലിക്കാരിൽ 3,000 പേരും ഇന്ത്യക്കാരാണ്. അമേരിക്കൻ ഓഹരിവിപണികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇന്ത്യൻ ഉടമസ്ഥതയിലുള്ള ഇൻഫോടെക് കമ്പനികളുടെ മാത്രം മൂല്യം 1,20,000കോടി രൂപ വരുമെന്നാണ് കണക്കുകൂട്ടുന്നത്.

## അഭിമുഖം

*? കുട്ടികൾക്ക് നേരെ നടക്കുന്ന ലൈംഗിക അതിക്രമങ്ങളും വൻതോതിൽ വർധിച്ചിട്ടില്ലേ? എന്തു ചെയ്യാൻ കഴിയും?*

കുട്ടികൾക്ക് സ്വന്തം വീടുപോലും സുരക്ഷിതമല്ലാത്ത അവസ്ഥയാണ്. സംരക്ഷകർതന്നെ പലപ്പോഴും പീഡകരാവുന്നു. കുട്ടികൾക്ക് എന്തും പറയാനും കാര്യങ്ങൾ പങ്കുവെയ്ക്കാനും കഴിയുന്ന വിധത്തിലായിരിക്കണം മാതാപിതാക്കളുമായുള്ള ബന്ധം. വിവര സാങ്കേതികവിദ്യകൾ, ദൃശ്യമാധ്യമങ്ങൾ തുടങ്ങിയവ കുട്ടികളെ വല്ലാതെ തെറ്റായ വിധത്തിൽ സ്വാധീനിക്കുന്നു. ലൈംഗിക കുറ്റകൃത്യങ്ങൾക്ക് കുട്ടികൾ വിധേയരാവുന്നതോടൊപ്പം അവർ ഇത്തരം കുറ്റകൃത്യങ്ങളിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. പാഠ്യപദ്ധതിയിൽ ശരിയായ ലൈംഗികവിദ്യാഭ്യാസം പ്രധാന വിഷയമായി ഉൾപ്പെടുത്തേണ്ടതുണ്ട്.

*? സ്ത്രീപീഡന കേസ്സുകൾ ഒന്നിനുപിറകെ ഒന്നായി വന്നു കൊണ്ടിരിക്കുന്നു. പ്രധാന കേസുകളിലൊന്നും തന്നെ പ്രതികൾ ശിക്ഷിക്കപ്പെടുന്നില്ലെന്നു മാത്രമല്ല ഇരകളാക്കപ്പെടുന്നവർ ദുരിതം പേറി ജീവിക്കുകയോ, മരണശിക്ഷയ്ക്ക് വിധേയരാക്കപ്പെടുകയോ ചെയ്യുന്നു. ഈ അവസ്ഥയിൽ മാറ്റം വരുത്താൻ എന്തുചെയ്യാൻ കഴിയും?*

സ്ത്രീകൾക്കായി പ്രത്യേകം കോടതി ഉണ്ടാവേണ്ടതുണ്ട്. കൃത്യമായ സ്ത്രീപക്ഷ നിലപാടൊടെ ഇത്തരം കേസുകൾ സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ കഴിവുള്ള വനിതാകോടതികൾവേണം. വനിതാ കമ്മീഷനെപ്പോലെ വെറും നോക്കുകുത്തിയായ ഒരു ബോഡിയല്ല ആവശ്യം. അതുപോലെ സ്ത്രീകൾക്കായി മന്ത്രിസഭയിൽ പ്രത്യേകം വകുപ്പും മന്ത്രിയുമെല്ലാം വേണ്ടതാണെന്നു തോന്നുന്നു. നിലവിലുള്ള നിയമങ്ങളൊന്നും തന്നെ സ്ത്രീകൾക്ക് വേണ്ടവിധത്തിൽ ഉപകാരപ്രദമാവുന്നില്ല. പൊതുനിയമവും വ്യക്തിനിയമവും തമ്മിൽ വൈരുദ്ധ്യംനിലനിൽക്കുന്നു. മതനിയമങ്ങളും സമുദായ നിയമങ്ങളുമെല്ലാം ചർച്ചകൾക്കും പൊട്ടിത്തെറികൾക്കും കാരണമാവുന്നുണ്ട്.

## നിത്യജീവിതത്തിലേയ്ക്ക്

ക്രിയാത്മകമായി ഉപയോഗിക്കാൻ സാധിച്ചാൽ സാധാരണക്കാർക്ക് അങ്ങേയറ്റം പ്രയോജനകരമായിത്തീരുന്ന ഒരു സംവിധാനമാണ് കംപ്യൂട്ടർ. ഗവൺമെന്റ് മുൻകൈ എടുത്തു നടത്തുന്ന ക്ഷേമപ്രവർത്തനങ്ങളെ ഫലപ്രദമാക്കാനും അവയെ സുതാര്യമാക്കാനും കംപ്യൂട്ടറിനു കഴിയും. നികുതിയടയ്ക്കുക, പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുക, സാക്ഷ്യപത്രങ്ങൾ, അനുമതിപത്രങ്ങൾ, ലൈസൻസുകൾ ഇങ്ങനെ സാധാരണക്കാർക്ക് അടിക്കടി വേണ്ടിവരുന്ന രേഖകളുടെ ലഭ്യത സുഗമമാക്കുക തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങളെ വേഗത്തിലാക്കാൻ കംപ്യൂട്ടറുകൾക്ക് സാധിക്കും. അഴിമതിക്കുള്ള സാദ്ധ്യതകളെ അത് വളരെ കുറയ്ക്കുന്നു. ഈ രീതിയിൽ കംപ്യൂട്ടറുകളെ ഉപയോഗിക്കാൻ ഭരണനേതൃത്വം തയ്യാറാകുന്നില്ലെങ്കിൽ കുറ്റം ആ സംവിധാനത്തിന്റേതല്ല, രാഷ്ട്രീയ-ഉദ്യോഗസ്ഥ നയകർത്താക്കളുടെ അജ്ഞതയോ തങ്ങളുടെ സ്ഥാനം നഷ്ടപ്പെടുമെന്ന ഭയമോ ആണ്.

ദൈനംദിന ജീവിതത്തിൽ കംപ്യൂട്ടറുകളെ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്നതിന് ഉദാഹരണങ്ങൾ എത്ര വേണമെങ്കിലുമുണ്ട്. നിങ്ങൾ ഒരു അഖിലേന്ത്യാ പര്യടനം ആസൂത്രണം ചെയ്യുന്നുവെന്നു കരുതുക. മുൻകാലങ്ങളിൽ ഈ യാത്രയിലുടനീളം ട്രെയിൻ ടിക്കറ്റുകൾ കാലേകൂട്ടി റിസർവ് ചെയ്യുക എന്നത് വിഷമം പിടിച്ച കാര്യമായിരുന്നു. ഇന്നാകട്ടെ ഈ ജോലി നിർവഹിക്കുന്നതിനും നിങ്ങൾക്കാവശ്യമായ മറ്റു വിവരങ്ങൾ നൽകുന്നതിനും ഒരു കംപ്യൂട്ടറിന്റെ സഹായമുള്ള റിസർവേഷൻ ക്ലർക്കിന് ചില നിമിഷങ്ങൾ മാത്രമേ വേണ്ടൂ. അടുത്ത പടിയായി ഒരു ഗാർഹിക കംപ്യൂട്ടർ ഉപയോഗിച്ചുകൊണ്ട് ക്രെഡിറ്റ് കാർഡിന്റെ സഹായത്തോടെതന്നെ നിങ്ങൾക്ക് ഇത്തരം കാര്യങ്ങൾ ചെയ്യാമെന്നു വരുന്നു.

അതുപോലെതന്നെ നികുതിവകുപ്പ് പൂർണ്ണമായി കംപ്യൂട്ടർവത്കരിക്കപ്പെട്ടാൽ, ഓരോ നികുതിദായകന്റെയും വരുമാനത്തെക്കുറിച്ചും അയാൾ അടയ്ക്കേണ്ട നികുതിയെക്കുറിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കണക്കുകൂട്ടിയെടുക്കുക എന്നത് അനായാസമായിരിക്കും. നികുതിവെട്ടിപ്പു കണ്ടുപിടിക്കാൻ ഈ സംവിധാനം വളരെ പ്രയോജനപ്പെടുകയും ചെയ്യും.

പോണ്ടിച്ചേരിയിലെ ചില ഗ്രാമങ്ങളിൽ സമീപകാലത്ത്, സ്വാമിനാഥൻ ഫൗണ്ടേഷൻ ഒരു കംപ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. ഗ്രാമീണർക്ക് പ്രയോജനകരങ്ങളായ സർക്കാർ പദ്ധതികളെക്കുറിച്ച് ഒട്ടേറെ വിവരങ്ങൾ അവർക്കെത്തിക്കാൻ ഇതിലൂടെ സാധിച്ചു. ഒപ്പംതന്നെ അങ്ങാടികളിൽ അവർ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഉല്പന്നങ്ങളെ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി എത്തിക്കുന്നതിലൂടെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനും കഴിഞ്ഞു.

## സ്ത്രീ - സംരക്ഷണ നിയമങ്ങൾ

നൂറ്റാണ്ടുകളായിത്തന്നെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റിനിർത്തി പലവിധ വിവേചനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരാക്കിയിരുന്ന, സമൂഹത്തിന്റെ പകുതിയോളം വരുന്ന സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുക എന്നത് സ്വതന്ത്ര ഇന്ത്യ ഏറ്റെടുക്കേണ്ടി വന്ന മറ്റൊരു വെല്ലുവിളിയായിരുന്നു. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ സ്ത്രീ-പുരുഷ സമത്വം എന്ന സങ്കല്പനം പൂർണമായും ഉൾക്കൊണ്ടു തന്നെയാണ്. നമ്മുടെ ഭരണഘടനയും പൗരന്മാരുടെ മൗലിക അവകാശങ്ങളെപ്പറ്റി പ്രതിപാദിച്ചത്. അനുച്ഛേദം 14, 15, 16 എന്നിവയിലൂടെ അർത്ഥശങ്കയ്ക്കിടയില്ലാത്ത തരത്തിൽ സ്തീ-പുരുഷ സമത്വം ഉറക്കെ പ്രഖ്യാപിക്കുകയും സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ വിവേചനങ്ങളും തടയുകയും ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ തന്നെ നിത്യജീവിതത്തിൽ സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്ന പലേ സ്ത്രീവിരുദ്ധ പ്രവർത്തനങ്ങളും അവസാനിപ്പിക്കാൻ നിയമങ്ങൾക്കു രൂപം നൽകാനും തുടങ്ങി. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ചില നിയമങ്ങളെപ്പറ്റി മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

## സ്ത്രീധന നിരോധന നിയമം

സാമൂഹ്യപരിഷ്കർത്താക്കളും ചിന്തകന്മാരും മനുഷ്യാവകാശ പ്രവർത്തകരുമെല്ലാം ഇങ്ങനെയൊരു നിയമത്തിന്റെ ആവശ്യകതയെക്കുറിച്ച് ശക്തമായ ആവശ്യം ഉന്നയിച്ചിരുന്നുവെങ്കിലും 1961 ൽ മാത്രമാണ് ഇത്തരത്തിൽ സ്ത്രീധന നിരോധന നിയമം പ്രാബല്യത്തിൽ വന്നത്. വിവാഹത്തോടനുബന്ധിച്ച് സ്ത്രീധനം ആവശ്യപ്പെടുന്നതും കൊടുക്കുന്നതും നിരോധിച്ചുകൊണ്ടുള്ള നിയമം ആണ് നിർമ്മിച്ചത്. ഈ നിയമത്തെ ഒരു ഐതിഹാസികമായ സാമൂഹ്യപരിഷ്കരണ നിയമമായി വാഴ്ത്തപ്പെടുകയും ചെയ്തു.



Scanned with CamScanner

# മലയാളത്തിന് സർവ്വകലാശാല

ദക്ഷിണേന്ത്യയിൽ കേരളത്തിലൊഴികെ മാതൃഭാഷയ്ക്കായി സർവകലാശാലകളുണ്ട്.

മലയാളത്തിനും ഒരു സർവകലാശാലയുണ്ടായാൽ നമ്മുടെ തനതുകലകളെയും കൃഷി ഉൾപ്പെടെയുള്ള സംസ്കാരത്തെയും നാട്ടറിവുകളെയും അതെത്രമാത്രം പരിപോഷിപ്പിക്കില്ല! അതുവഴിയാർജിക്കുന്ന വിജ്ഞാനത്തിലൂടെ കേരളം എത്രമാത്രം വികസിക്കില്ല! മലയാളത്തിന് സർവകലാശാലയുണ്ടായാൽ ഉണ്ണിയാടീചരിതവും ചന്ദ്രോൽസവവും മററും മാത്രമാവും പാഠ്യവിഷയങ്ങളെന്നു തെററിദ്ധരിക്കുന്നവർ 1981 ൽ സ്ഥാപിതമായ, 800 ഏക്കർ വിസ്തൃതിയുള്ള, തഞ്ചാവൂരിലെ തമിഴ് സർവകലാശാലയുടെ പാഠ്യപദ്ധതികൾ ശ്രദ്ധിക്കുക: തമിഴ് ഭാഷയെയും സംസ്കാരത്തെയും പററിയുള്ള പഠനഗവേഷണങ്ങൾക്കായി നിരവധി വിഭാഗങ്ങളുണ്ടിവിടെ. ഭാഷാശാസ്ത്രം, നിഘണ്ടുനിർമാണം, താളിയോലകളുടെ പഠനം മാത്രമല്ല, നാടകം, സംഗീതം എന്നിവയും ഇവിടത്തെ പഠനവിഷയങ്ങളാണ്. തമിഴ് ഭാഷയിലുള്ള കൃതികൾ അന്യഭാഷകളിലേക്കും തിരിച്ചും വിവർത്തനം ചെയ്യാനുള്ള പ്രവർത്തനങ്ങളും എല്ലാ വിഷയങ്ങളും (മെഡിസിൻ, എൻജിനിയറിങ് ഉൾപ്പെടെ) മാതൃഭാഷയിൽ പഠിപ്പിക്കുന്നതിനായുള്ള പാഠപുസ്തകങ്ങളുടെ രചനയും ഈ സർവകലാശാലയുടെ കീഴിൽ നടക്കുന്നുണ്ട്.

മലയാളത്തെ രക്ഷിക്കണമെന്നു പറയുന്നത് മലയാളിയെ രക്ഷിക്കണമെന്നു പറയുന്നതിനു സമമാണെന്ന തിരിച്ചറിവ് മലയാളിക്കില്ലാതെപോയതെന്തുകൊണ്ട്? മാതൃഭാഷാവഗണന മലയാളിയുടെ രക്തത്തിൽ അലിഞ്ഞുചേരാൻ കാരണമെന്താണ്? നരവംശശാസ്ത്രപരമായ പഠനം ആവശ്യപ്പെടുന്ന വിഷയങ്ങളാണിവയൊക്കെ. നമുക്ക് സ്വാതന്ത്ര്യബോധമുണ്ടായത് സായിപ്പന്മാരിൽനിന്നാണെന്ന് നമ്മുടെ ചില പണ്ഡിതന്മാരെങ്കിലും ധരിച്ചുവശായിരിക്കുന്നു. സ്വാതന്ത്ര്യബോധം നൈസർഗികവാസനയാണെന്നു ധരിക്കാൻപോലും കെൽപ്പില്ലാത്തവിധം അടിമമനോഭാവം ഇവരെയൊക്കെ ഭരിക്കുന്നു! കൂട്ടിലടയ്ക്കപ്പെട്ട തിര്യക്കുകൾ പോലും സ്വാതന്ത്ര്യം നേടാൻ വെമ്പൽ കൊള്ളുന്നത് ആരെങ്കിലും പഠിപ്പിച്ചിട്ടാണോ?

## റോബിൺ ഗ്രാമം

ലോകത്തെ മറ്റേതു കുഗ്രാമങ്ങളെയും പോലെതന്നെ കമ്പോഡിയയുടെ വളരെ വിദൂരമായ ആറു കൊച്ചുഗ്രാമങ്ങൾ കൂടിച്ചേർന്നതാണ് റോബിൺ ഗ്രാമം. ദാരിദ്ര്യം, അനാരോഗ്യം, നിരക്ഷരത, അരക്ഷിതാവസ്ഥ, സാമ്പത്തികമാന്ദ്യം തുടങ്ങിയ അവികസിത-വികസ്വര രാജ്യങ്ങളുടെ തിരാശാപമായ സവിശേഷതകളെല്ലാം അതിന്റെ തീവ്രമായ രീതിയിൽത്തന്നെ ഈ ഗ്രാമത്തിലും നിലനില്ക്കുന്നുണ്ട്. കേവലം 40 ഡോളറിൽത്താഴെയാണ് ഗ്രാമീണരുടെ പ്രതിശീർഷവരുമാനം. വർഷത്തിൽ ഒരുതവണ കൊയ്ത്തുണ്ടെങ്കിലും ഇത് ഇവിടെയുള്ളവരുടെ ആഹാരത്തിനുതന്നെ തികയുന്നില്ല. വെള്ളപ്പൊക്കം പോലുള്ള പ്രതികൂലകാലാവസ്ഥകളിൽ മാറിത്താമസിക്കാൻ ഇടമില്ല. ഉൽപാദിപ്പിക്കപ്പെടുന്ന പച്ചക്കറികളും മറ്റും പരസ്പരം കൈമാറ്റം ചെയ്യപ്പെടുകയല്ലാതെ വാണിജ്യസാദ്ധ്യതകൾ തീരെയില്ല. ഏക ആരോഗ്യകേന്ദ്രത്തിലാകട്ടെ, അവശ്യം മരുന്നുകൾപോലുമില്ലാത്തതിനാൽ അല്പം ഗൗരവമുള്ള അസുഖം വന്നാൽ പരലോകപ്രാപ്തിതന്നെ മാർഗ്ഗം. മാസത്തിലൊരിക്കൽ മാത്രം സന്ദർശിക്കുന്ന അനൗദ്യോഗിക വൈദ്യസഹായ ഏജൻസിയാണ് ഏക ആശ്രയം - ഇവർക്കുതന്നെയും കേവല പരിശോധനകൾക്കപ്പുറം മരുന്നുകളൊന്നും നല്കാൻ കഴിയില്ലെങ്കിൽപ്പോലും.

ഗ്രാമത്തിൽനിന്നു രണ്ടുമണിക്കൂർ സഞ്ചരിച്ചാലെത്തുന്ന കൊച്ചുപട്ടണത്തിലേക്കു ദിവസേന ഒരു ട്രിപ്പ് മാത്രം ഓടുന്ന ഒരു ടാക്സിയാണ് ഇവരുടെ ഏക സഞ്ചാരവാഹനം. വൈദ്യുതി, ടെലഫോൺ, ശുദ്ധജലപ്പൈപ്പുകൾ.... ഈ സംവിധാനങ്ങളൊന്നും ഇവർ കണ്ടിട്ടില്ല. റേഡിയോ ഉപകരണമുപയോഗിച്ചു പുറത്തേക്കൊന്നു വിനിമയം നടത്തണമെങ്കിൽ പത്തുമണിക്കൂറോളം വാഹനത്തിൽ സഞ്ചരിക്കണം. ഏകദേശം രണ്ടായിരത്തിലധികം കുട്ടികളുള്ള ഈ ഗ്രാമത്തിൽ ഇപ്പോൾ പലരും ആറുവർഷത്തേക്കെങ്കിലും സ്കൂൾവിദ്യാഭ്യാസം നേടാൻ തയ്യാറായത് നല്ല കാര്യം.

ഒരുകാര്യത്തിൽ റോബിൺ അനുഗൃഹീതമാണ്. ആഭ്യന്തരവും വൈദേശികവുമായ ആക്രമണപരമ്പരകളുടെ അവശിഷ്ടമായി തൊട്ടടുത്ത ഗ്രാമങ്ങളിലെല്ലാം അപകടകാരികളായ ധാരാളം 'മൈനുകൾ' ഒളിഞ്ഞുകിടപ്പുണ്ടെങ്കിലും ഈ ഭീഷണി ഇവിടെയില്ല.



Scanned with CamScanner

## സംസ്കാരവും സൗന്ദര്യബോധവും

സൗന്ദര്യബോധം അധ്വാനജന്യമാണ്, സംസ്കാരജന്യമാണ് എന്നൊക്കെ പറയുമ്പോൾ ശുദ്ധസൗന്ദര്യപക്ഷപാതികൾ നെറ്റിചുളിക്കും. സൗന്ദര്യബോധത്തെ കേവലമായ ആശയമായി കാണുന്നതു കൊണ്ടുള്ള തെറ്റിദ്ധാരണയാണ്. സംസ്കാരമാണ് സൗന്ദര്യം എന്നോ സൗന്ദര്യബോധമാണ് സംസ്കാരമെന്നോ പറയാം. 'സംസ്കാര'ത്തിന് മിനുസപ്പെടുത്തൽ എന്നൊരർത്ഥമുണ്ട്. പരുക്കൻ ശിലയെ മറ്റൊരു ശിലയിൽ വച്ച് ഉരസിയപ്പോൾ ഉണ്ടായ മിനുസമാണ് പ്രാചീനശിലായുഗത്തിൽ നിന്നും നവീനശിലായുഗത്തിലേക്കുള്ള മനുഷ്യപുരോഗതിയെ നയിച്ചതെന്ന് പറയാറുണ്ട്. എല്ലാം മിനുസമായിരിക്കണമെന്ന മിനുസബോധമാണ് സൗന്ദര്യബോധം. സൗന്ദര്യമെന്ന പദത്തിൽ ആർദ്രമാക്കുക എന്നർത്ഥമുണ്ട്. അതുകൊണ്ടുതന്നെ എല്ലാവിധത്തിലുമുള്ള അസമത്വങ്ങൾക്കും (നിരപ്പുകേടുകൾക്ക്) എതിരായ ആർദ്രമായ മനോഭാവം കൂടിയാണ് സൗന്ദര്യബോധം. അതിതീവ്രമായ സൗന്ദര്യബോധമുള്ളവരാണ് വിപ്ലവകാരികൾ എന്നുപറയുന്നതും അതുകൊണ്ടാണ്.

'മർത്ത്യസൗന്ദര്യബോധങ്ങൾ പെറ്റ
മക്കളല്ലീ പുരോഗമനങ്ങൾ'

എന്ന് വൈലോപ്പിള്ളിൽ ശ്രീധരമേനോൻ മർത്യസൗന്ദര്യബോധത്തെ പുരോഗമനമായി അല്ലെങ്കിൽ പുരോഗമനവാഞ്ഛയെ മർത്യസൗന്ദര്യബോധമായി നിർവചിക്കുന്നു. മനുഷ്യൻ സംസ്കാരമുള്ളവനായിരിക്കുന്നത് സൗന്ദര്യബോധമുള്ളതുകൊണ്ടാണ്. എല്ലാത്തരത്തിലുമുള്ള അതിക്രമങ്ങൾക്കും അധിനിവേശങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരായി നിൽക്കുന്നവരാണ് വിശ്വസംസ്കാരചാലകരായ പുരോഗമനവാദികൾ.

## സംസ്കാരവും അധിനിവേശവും

വർഗ്ഗസമുദായത്തിൽ സംസ്കാരവും സൗന്ദര്യവും അധീശത്വപരമാണ്. ഭരണവർഗ്ഗത്തിന്റെ സംസ്കാരത്തെയും സൗന്ദര്യചിന്തയെയും മുഖ്യധാരാസംസ്കാരമായും സൗന്ദര്യശാസ്ത്രമായും കൊണ്ടാടുന്നു. ഭാരതത്തിൽ ബ്രാഹ്മണരുടെ വൈദിക-താന്ത്രിക മത സംസ്കാരമായിരുന്നു ഭാരതീയ സംസ്കാരം. അവരുടെ സൗന്ദര്യശാസ്ത്രത്തെ പൗരസ്ത്യ സൗന്ദര്യശാസ്ത്രമായി പഠിപ്പിച്ചുപോരുന്നു. ബഹുഭൂരിപക്ഷം വരുന്ന കീഴാളവർഗ്ഗത്തിന്റെ സംസ്കാരത്തെ 'ഫോക്‌ലോർ' എന്നു വിളിച്ചു വേർതിരിക്കുന്നു. അത് അസ്പൃശ്യരുടെ അധമസംസ്കാരമായിട്ടാണ് ഉപരിവർഗ്ഗം പരിഗണിച്ചുപോന്നത്.

## ഗ്രാമീണ സാങ്കേതിക് വിദ്യ

ഗ്രാമീണ സാങ്കേതിക വിദ്യ എങ്ങനെയാണ് നിർവചിക്കാനാവുക? ഗ്രാമീണ സാങ്കേതിക വിദ്യ (Rural Technology) എന്നതിനു പകരം നാടിനുചേർന്ന സാങ്കേതിക വിദ്യയെന്നോ അനുയോജ്യ സാങ്കേതിക വിദ്യയെന്നോ (Appropriate Technology) ഏതാണ് കൂടുതൽ യോജിക്കുക? ഗ്രാമീണ സാങ്കേതിക വിദ്യയ്ക്കു പ്രാധാന്യം കൊടുക്കുന്നത് കാലത്തെ പിറകോട്ടു നയിക്കുകയാണോ? നിർവചനങ്ങളുടെ എണ്ണം കൂടിക്കൂടി വരുന്നു. നിസ്സാരമായ ഒരു വാക്കിന് ഇത്രയധികം നിർവചനം വരുന്നത് അത് എന്തെന്നു ശരിയായി നിർവചിക്കാനാവാതെ വരുമ്പോഴാണ്.

എന്തായാലും ഗ്രാമങ്ങൾക്ക് ഗുണകരമാകുന്നതാണ് ഈ സാങ്കേതിക വിദ്യ. അത് ഗ്രാമത്തിൽനിന്ന് ഉയിർക്കൊണ്ടതാകാം. അതല്ലെങ്കിൽ ഗ്രാമജീവിതത്തിനു ഗുണകരമാകുന്ന ആധുനിക സാങ്കേതിക വിദ്യയുമാകാം. എന്തായാലും ആധുനിക ശാസ്ത്രസമൂഹം ഗ്രാമീണസാങ്കേതികവിദ്യയെ അഥവാ അനുയോജ്യസാങ്കേതിക വിദ്യയെ രണ്ടാമത്തെ ഗണത്തിൽ കണ്ടേമതിയാകൂ. ഇത് ഗ്രാമജീവിതത്തിന്റെ ഗുണനിലവാരം കൂട്ടും. ആറന്മുള കണ്ണാടിയോ അടയ്ക്കാപുത്തൂർ കണ്ണാടിയോ ആദ്യത്തെ ഗണത്തിൽപ്പെടുത്താം. ഗ്രാമത്തിൽനിന്ന് ഉയിർക്കൊണ്ട സാങ്കേതികവിദ്യയാണത്. അതേസമയം കൃത്രിമഉപഗ്രഹം ഉപയോഗിച്ച് മത്സ്യക്കൂട്ടങ്ങളെ കണ്ടെത്തുകയും അതിന്റെ യാത്രയനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന അക്ഷാംശവും രേഖാംശവും പത്രത്തിൽ കൊടുക്കുകയോ മൊബൈൽ ഫോൺവഴി എസ്.എം.എസ്. അയയ്ക്കുകയോ ചെയ്യുന്നത് രണ്ടാമത്തെ ഗണം. Global Positioning System എന്ന ചെറുസംവിധാനം ഉപയോഗിച്ച് അക്ഷാംശവും രേഖാംശവും കണ്ടെത്തി മത്സ്യക്കൂട്ടത്തിനടുത്ത് വലവിരിക്കാനാവുന്നത് ഗ്രാമജീവിതത്തിന് ചാകരയാകും. സോണാർ ഉപയോഗിച്ച് ഏതുതരം മത്സ്യം ആണെന്നുള്ള അറിവും അതനുസരിച്ചുള്ള വല ഉപയോഗിക്കുന്നതും ഗ്രാമീണ ടെക്നോളജിയാണ്. മത്സ്യവള്ളം മറിഞ്ഞാൽ രണ്ടു ദിവസം ഹെലികോപ്ടറിൽ അന്വേഷിച്ചു നടക്കുന്നതിനു പകരം മൊബൈൽഫോൺ ഉപയോഗിച്ച് കൃത്യമായ അക്ഷാംശവും രേഖാംശവും കരയിലേക്ക് വിളിച്ച് അറിയിക്കുന്നത് വിലയേറിയ ജീവൻ വേഗം രക്ഷിക്കാനാകും.

## പ്രാചീനതയും ആധുനികതയും

പ്രാചീനത അമൂല്യസമ്പത്താണെന്നു പറയുന്നുണ്ടെങ്കിലും ഇക്കഥയിൽ അതിനോടുള്ള അന്ധമായ വിധേയത്വം മാത്രമല്ല കാണുന്നത്. ഇംഗ്ലണ്ടിൽ വൈദ്യം പഠിക്കാൻ മോഹിക്കുന്ന കുസുമത്തിനോടും, തിരുവില്വാമലയിൽ കൃഷി ചെയ്തു കൂടാനാഗ്രഹിക്കുന്ന ഉണ്ണിയോടും, കുമാരമേനോൻ പറയുന്നുണ്ട്: "രണ്ടും നല്ല കാര്യങ്ങളാണ്. കുസുമത്തിന് ഇംഗ്ലണ്ടിൽ നിന്ന് തിരിച്ചുവന്ന് അഷ്ടവൈദ്യന്മാരിൽ നിന്ന് ധന്വന്തരിയുടെയും, ശുശ്രുതന്റെയും, ഗ്രന്ഥങ്ങൾ പഠിക്കാം. നാടൻ കൃഷി അഭ്യസിച്ചശേഷം ഉണ്ണിക്ക് അമേരിക്കൻ സർവകലാശാലയിൽ പഠിപ്പുതുടരാം. രണ്ടുപേർക്കും, വെള്ളിനേഴിയിലെ ഒരു ഭാഷാപണ്ഡിതനിൽ നിന്ന് മലയാളം പഠിക്കാം." പ്രാചീനതയും ആധുനികതയും ഒരു വലിയ നൈരന്തര്യത്തിന്റെ ഭാഗമായി മുന്നോട്ടു പോകുമെന്നാദ്ദേഹം കരുതുന്നു. ആധുനികതയുടെ ഫാഷനുകൾക്കിടയിൽ പാരമ്പര്യത്തെ തള്ളിപ്പറയാതെ അതിന്റെ അമൂല്യജ്ഞാനവും സുഗന്ധവും ഉൾക്കൊണ്ടു വളരാനാണ് അയാൾ മക്കളെ ക്ഷണിക്കുന്നത്. മനസ്സിന്റെയും പ്രകൃതിയുടെയും ശമനത്തിന്റെ ഈ ഗാഥ മികച്ച കലാസൃഷ്ടിയാണ്.

ശരീരത്തിന്റെ ശമനത്തിനായി പ്രകൃതിയുടെ ഉദാരതയിലേക്കും, സരളതയിലേക്കും, പിൻവാങ്ങുന്ന ഒരാളെക്കുറിച്ചാണ് വിജയന്റെ 'കാറ്റു പറഞ്ഞ കഥ'. വാർദ്ധക്യകാലത്ത് ന്യൂക്ലിയർ ശാസ്ത്രജ്ഞന്റെ ഉദ്യോഗമുപേക്ഷിച്ച് കേരളത്തിലെ 'കഞ്ചിക്കോട്' എന്ന ദേശത്ത് മലയടിവാരത്തിൽ ഏകനായി കഴിയാനെത്തുന്ന ഒരാൾ. ആണവശാസ്ത്രം ഭൂമിക്കു വരുത്തിവയ്ക്കുന്ന വിനകൾ തിരിച്ചറിഞ്ഞതിലുള്ള വേദനയാകാം ആ പിൻവാങ്ങലിനു പിന്നിൽ. അല്ലെങ്കിൽ താൻ ജീവിതം നിവേദിച്ച ശാസ്ത്രം തന്നെ നൽകിയ ഏതോ രോഗത്തെക്കുറിച്ചുള്ള വെളിപാടാകാം. പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കുന്നതിലൂടെ ശരീരത്തിന്റെയും മനസ്സിന്റെയും ശമനം തേടുകയാണയാൾ. രോഗമായിരുന്നപ്പോൾ ആ മലയടിവാരത്ത് ആരാണ് ജ്യേഷ്ഠനെ ചികിത്സിച്ചതെന്നും ഏട്ടൻ ആഹാരത്തിന് എന്താണു ചെയ്യുന്നതെന്നും, ബോംബെയിൽ നിന്നെത്തിയ അനുജൻ തെയ്യുണ്ണിക്ക് സംശയമായി. ഒരു കുട്ടയിൽ കിടന്ന ഇളനീർത്തൊണ്ടുകൾ ചൂണ്ടിക്കാട്ടി അയാൾ പറഞ്ഞത് അതാണ് തന്റെ ഭക്ഷണവും ഔഷധവുമെന്നാണ്. വേറെയാരും അയാളെ ചികിത്സിച്ചില്ല. "ഈ മലയടിവാരത്തിന് ഭേദമാക്കാൻ വയ്യാത്ത സൂക്കേട്ണ്ടോ? ഉണ്ടെങ്കിൽ അത് മനുഷ്യർ ഭേദാക്ക്യാൽ ഭേദാവ്വോ?" എന്നായി അയാൾ. പത്തുവർഷങ്ങൾ കഴിഞ്ഞ് ജ്യേഷ്ഠന്റെ മരണശേഷം അവിടെ ഒരു രാത്രി തങ്ങാൻ തെയ്യുണ്ണി വീണ്ടുമെത്തി.

## നൃത്തം

### കംബള നൃത്തം

കൂടുതൽ സ്ഥലം വേഗത്തിൽ പെട്ടന്ന് കൃഷിപ്പണി തീർക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് അട്ടപ്പാടി ഗോത്രവിഭാഗങ്ങൾ കൃഷിസ്ഥലത്ത് കംബള നൃത്തം കൊണ്ടാടിയിരുന്നത്. വിത്തിറക്കുന്ന സമയത്തും കളപറിക്കുന്ന സമയത്തുമാണ് ഈ നൃത്തം അവതരിപ്പിച്ചു വന്നിരുന്നത്. ഈ സമയങ്ങളിൽ ഊരിലുള്ള എല്ലാവരും മൂപ്പന്റെ നേതൃത്വത്തിൽ കംബളത്തിനായി സഹകരിക്കുന്നു. ഒരാൾ കംബളം അയാളുടെ കൃഷിസ്ഥലത്ത് നടത്തണമെന്ന് ഊരുമൂപ്പനെ അറിയിക്കുന്നതോടെയാണ് കംബളം അരങ്ങേറുന്നത്. മൂപ്പൻ എല്ലാ വീട്ടുകാരെയും അറിയിച്ച് കംബളത്തിന് ആവശ്യമായ ധാന്യം ഊരിലെ ആളുകളെ കണക്കാക്കി പറയും. ഈ ധാന്യം ഊരിലുള്ളവർ മൂപ്പനെ ഏല്പിച്ചിരിക്കണം. പണിക്കാരായി ഊരിലുള്ളവരും കോമാളി വേഷം കെട്ടിയ വ്യക്തിയുടെ ആട്ടത്തിന് പൊറയ്, ദവിൽ, പീക്കി, ജാലറ തുടങ്ങിയ വാദ്യോപകരണങ്ങളുടെ സാന്നിദ്ധ്യവുമുണ്ടായിരിക്കും.

പണിക്കാർ കാട് കൊത്താനാരംഭിക്കുമ്പോൾ വാദ്യഘോഷങ്ങളുടെ പിൻബലത്താൽ നൃത്തത്തിലെ കോമാളി ആടിക്കൊണ്ടിരിക്കുമ്പോൾ സ്ത്രീ പുരുഷന്മാർ പാട്ടുപാടിക്കൊണ്ട് കൃഷിസ്ഥലങ്ങൾ കൊത്തി വേഗത്തിൽ മുന്നേറുന്നു. പണിക്കാർ ആവേശഭരിതരായി സംഗീതത്തിനനുസരിച്ച് പണിയെടുത്ത് മുന്നേറുന്നു. ഒരു കംബളത്തിന് നൂറിലധികം പേർ ഉണ്ടാകും. പണി തീരുന്നതുവരെ കംബളം നീണ്ടുപോകും. നല്ല കംബളമാണെങ്കിൽ ഒരു ദിവസം കൊണ്ട് കാടുമുഴുവൻ കൊത്തി തീർന്നിരിക്കും. ഒരു ദിവസം പത്തിരുപത് ഏക്കർ ഭൂമി കൊത്തിത്തീരാറുണ്ട്. കംബളദിവസം ഊരിലുള്ളവർ ആരും തന്നെ മറ്റു പണികൾക്ക് പുറത്ത് പോകാൻ പാടില്ലെന്നൊരു നിയമമുണ്ട്.

എല്ലാവരും എല്ലാവർക്കും വേണ്ടിയും നടത്തുന്ന കംബളത്തിന് പ്രത്യേക കൂലിയൊന്നുമില്ല. പ്രതിഫലം എന്ന നിലയിൽ കംബളം നടത്തുന്ന വ്യക്തിയിൽ നിന്നും മൂപ്പൻ ആവശ്യപ്പെടുന്ന ധാന്യം എല്ലാവർക്കും ഭാഗിച്ചു കൊടുക്കുന്നു. കാട് കൊത്തുന്നതിനു വേണ്ടിയാണ് സാധാരണ കംബളം നടത്തുന്നത്. കൊയ്ത്തു സമയങ്ങളിൽ മലഞ്ചാമ കൊയ്യുമ്പോൾ മാത്രമാണ് കംബളം കൊണ്ടാടുന്നത്. ഒരു കാലത്ത് വയനാട്ടിലെ പണിയർക്കിടയിലും കൃഷിപാടങ്ങളിൽ ജന്മിമാർ വയൽപണികൾ വളരെപെട്ടെന്ന് തീർത്തു കിട്ടുവാൻ വേണ്ടി കംബളനൃത്തം നടത്തിവന്നിരുന്നു.



Scanned with CamScanner

## സംസ്കാരവും ആരാധനയും

ആരാധനാക്രമങ്ങൾ (cults) ഉടലെടുത്തതും കാർഷികവൃത്തിയിൽ നിന്നാകണമെന്ന് പൊതുവേ വിശ്വസിക്കപ്പെടുന്നു. കാർഷികവൃത്തി പ്രകൃതിയുടെ പ്രജനന പ്രക്രിയയാണ്. അതുകൊണ്ട് പ്രകൃതിയെയും ഭൂമിയെയും മാതാവായി സങ്കല്പനം ചെയ്യുന്ന രീതി ലോകജനതയ്ക്കിടയിൽ അതിപ്രാചീനകാലം മുതൽക്കേ നിലനിന്നുപോരുന്നു. സ്ത്രീയുടെ കാമം അവളിൽ സന്താനവർദ്ധനവിന് നിമിത്തമായിരിക്കുന്നതുപോലെ ഭൂമിയുടെ കാമം കാർഷികവൃത്തിക്കു കാരണമായിരിക്കുന്നു. അതുകൊണ്ടു കൃഷിയിലെ ലൈംഗികവേഴ്ചകളും തെറിപ്പാട്ടുകളും കൃഷിഭൂമിയിൽ കാമാസക്തി വളർത്തുമെന്നും കൃഷിഫലം വർദ്ധിപ്പിക്കുമെന്നും പ്രാചീനകർഷകർ വിശ്വസിച്ചു പോന്നു. കാർഷിക ദേവതകളെ ലൈംഗികാനുഷ്ഠാനങ്ങൾ കൊണ്ടും തെറിപ്പാട്ടുകൾ (പൂരപ്പാട്ട്) കൊണ്ടും ആരാധിക്കുക ലോകസാധാരണമായിരുന്നു. കൃഷിയിടങ്ങൾക്കരികിൽ വച്ചായിരുന്നു ദേവതാരാധനകൾ. വിളവെടുപ്പുകാലത്താണ് കാർഷികോത്സവങ്ങൾ ആഘോഷിച്ചിരുന്നത്. ദൈവാരാധന കൃഷിയുമായി ബന്ധപ്പെട്ടതാണ് എന്നതിന് ഉദാഹരണമാണ് 'കളം' 'ക്ഷേത്രം' എന്നീ പദങ്ങൾ.

കൃഷി വിഭവങ്ങൾ തയ്യാറാക്കാനും കൊയ്തെടുക്കുന്ന നെൽക്കറ്റകൾ ശേഖരിച്ചു മെതിക്കാനും വയൽക്കരയിൽ തയ്യാറാക്കിയിരുന്ന 'തറ'യാണ് കളം. അവിടെ നിർമ്മിക്കുന്ന 'പുര'യെ 'കളപ്പുര'യെന്നു വിളിച്ചു. കൊയ്തുത്സവകാലത്ത് കാർഷിക ദേവതയെ സ്തുതിച്ച് കളങ്ങളിൽ വച്ചു പാടിയ പാട്ടുകളായിരുന്നു 'കളംപാട്ടുകൾ'. കളത്തിൽ ധൂളികൾകൊണ്ട് ദേവതാരൂപം വരയ്ക്കുന്നതാണ് 'കളമെഴുത്തുകൾ'. ദ്രാവിഡഭാഷയിൽ 'കള്'ത്തിന് ദേവതാരാധനാ സ്ഥലം എന്നും അർത്ഥമുണ്ട്. 'കള്'ത്തിനുപകരം നിൽക്കുന്ന സംസ്കൃതപദമാണ് 'ക്ഷേത്രം'. 'ധാന്യങ്ങൾ ഇതിൽ വസിക്കുന്നു' എന്നാണ് ക്ഷേത്രപദത്തിന്റെ നിരുക്താർത്ഥം. പത്നിയുടെ ശരീരമെന്നും ഇതിന് അർത്ഥമുണ്ട്. പ്രാചീനകാലത്ത് മിക്ക ക്ഷേത്രങ്ങളും കാർഷികവിളഭൂമികൾക്കരികിലോ വയൽക്കരയിലോ ആണ് പണിതിരുന്നത്. സ്ത്രീയുടെ ജനനേന്ദ്രിയത്തിന്റെ ഘടനയിലും സങ്കല്പത്തിലുമാണ് ക്ഷേത്രനിർമിതി. ഇടനാഴി യോനി സമത്വവും ഉടലെടുത്തു. ഗോത്ര-ഗണജീവിതങ്ങൾ അതിനെ കൂടുതൽ പരിപോഷിപ്പിച്ചു. ഈയൊരു സഹവർത്തിത്വത്തെയും സമത്വത്തെയുമാണ് കാറൽമാർക്സ് പ്രാകൃതകമ്യൂണിസം എന്നുവിളിച്ചത്.

## കേരളത്തിലെ ദാരിദ്ര്യം

പൊതുസംവിധാനങ്ങൾ മെച്ചപ്പെട്ടിരുന്നെങ്കിലും കേരളത്തിൽ കേവല ദാരിദ്ര്യം ഒരിക്കലും വളരെ കുറവായിരുന്നില്ല. ഏറ്റവും പുതിയ (2004-05) ഔദ്യോഗിക കണക്കനുസരിച്ച് കേരളത്തിലെ ശരാശരി ദാരിദ്ര്യം 17 ശതമാനം ആണ്. ഗ്രാമീണ ദാരിദ്ര്യം 13.2 ശതമാനവും നഗരദാരിദ്ര്യം 20.6 ശതമാനവും. 2000 ൽ ഇവ യഥാക്രമം 12.7, 9.4, 20.3 എന്നിങ്ങനെയായിരുന്നു (പട്ടിക കാണുക). ഗ്രാമീണ ദാരിദ്ര്യം 1993-94 ൽ 25.73 ആയിരുന്നത് 1999 ആയപ്പോഴേക്കും അവിശ്വസനീയമായി 9.4 ശതമാനമായി കുറയുകയായിരുന്നു.

യഥാർത്ഥത്തിൽ ഗ്രാമീണ ദാരിദ്ര്യത്തിൽ ഇത്രയും കുറവ് ഉണ്ടാകത്തക്ക സംഭവങ്ങളൊന്നും കേരളത്തിൽ ഉണ്ടായിട്ടില്ലെന്നു മാത്രമല്ല, വർദ്ധിക്കാനുള്ള ഒട്ടേറെ കാരണങ്ങൾ ഉണ്ടുതാനും. കൃഷിയുടെയും പരമ്പരാഗത വ്യവസായത്തിന്റെയും തകർച്ച, ഭാരിച്ച കടബാധ്യത, കാർഷിക പ്രതിസന്ധി, വർദ്ധിച്ച ചികിത്സാച്ചെലവ്, കർഷക ആത്മഹത്യ എന്നിവയൊക്കെ ഗ്രാമീണ ദാരിദ്ര്യം വർദ്ധിപ്പിക്കാൻ കാരണമാകാവുന്നതാണ്. ഇതേസമയം വരുമാനം, പാർപ്പിട വ്യവസ്ഥ, കൈവശ ഉൽപന്നങ്ങൾ, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ ഘടകങ്ങളും കാണിക്കുന്നത് നഗരങ്ങളിലെ മെച്ചപ്പെട്ട അവസ്ഥയാണ്. എന്നിട്ടും നഗരദാരിദ്ര്യത്തിൽ ഇക്കാലയളവിൽ കാര്യമായ കുറവ് വന്നിട്ടില്ല. കേരളപഠനത്തിലെ അതേ കണക്കുകൾ തന്നെയാണ് നഗരദാരിദ്ര്യം സംബന്ധിച്ച ഔദ്യോഗിക കണക്കുകളും കാണിക്കുന്നത്. ഗ്രാമദാരിദ്ര്യം കണക്കാക്കിയതിലെ അനൗചിത്യം നാം കേരളപഠനത്തിൽ എടുത്തുപറഞ്ഞിരുന്നു. ഇത്രയും സൂചിപ്പിച്ചത് ദാരിദ്ര്യം സംബന്ധിച്ച ഔദ്യോഗിക കണക്കുകളിലെ ദുർഗ്രാഹ്യത ചൂണ്ടിക്കാണിക്കാനാണ്.

ഗൾഫ് പണത്തിന്റെ പ്രവാഹമുണ്ടെന്നു പറഞ്ഞാലും കേരളത്തിൽ വലിയൊരുഭാഗം ജനങ്ങളുടെ ജീവിതത്തിൽ അതൊന്നും പ്രതിഫലിപ്പിക്കുന്നില്ലെന്നാണ് ഇന്ത്യയിലേയും കേരളത്തിലേയും ദാരിദ്ര്യത്തിന്റെ അനുപാതം സംബന്ധിച്ച കണക്കുകൾ കാണിക്കുന്നത്. ഇതനുസരിച്ച് ഇന്ത്യയിലെ ദരിദ്രരേക്കാൾ കേരളത്തിലെ ദരിദ്രരുടെ സ്ഥിതി മെച്ചപ്പെട്ടതല്ല.



Scanned with CamScanner

## ഓൺലൈൻ ഡയറി

കൂട്ടുകാർ ഡയറിക്കുറിപ്പുകളെഴുതാറില്ലേ. മിക്കവാറും വ്യക്തിപരമായ കാര്യങ്ങളാവും ഇത്തരം കുറിപ്പുകളുടെ ഉള്ളടക്കം. ഇതുപോലത്തെ വ്യക്തിഗത കുറിപ്പുകളാണ് ഓൺലൈൻ ഡയറിയിലും ഉണ്ടാവുക. ചിലവിത്യാസങ്ങൾ മാത്രം ഇതെഴുതുന്നത് കടലാസിലല്ല, കമ്പ്യൂട്ടറിലാണ്. ഡയറിയെഴുതി അലമാരിയിലോ ബാഗിനുള്ളിലോ സ്വകാര്യമായി കൊണ്ടുനടക്കുമ്പോൾ ഓൺലൈൻ ഡയറികൾ വേൾഡ് വൈഡ് വെബ്ബിലെ (www) എതെങ്കിലും പേഴ്സണൽ വെബ്സൈറ്റിൽ വായിക്കാം. ഓൺലൈൻ ജേണൽ എന്നും ഈ ഡയറികൾക്ക് പേരുണ്ട്.

1994 ലാണ് ഓൺലൈൻ ഡയറിയെഴുത്ത് എന്ന സമ്പ്രദായം തുടങ്ങിയത്. ഐടി കമ്പനിയായ ഐബിഎമ്മിന്റെ ഗവേഷണവിഭാത്തിലെ ശാസ്ത്രജ്ഞൻക്ലോഡിയോ പിൻഹാനെസിനെയാണ് ഓൺലൈൻ ഡയറിയെഴുത്തിന്റെ തുടക്കക്കാരനായി കണക്കാക്കുന്നത്. 'ഓപ്പൺ ഡയറി' എന്നാണ് അദ്ദേഹത്തിന്റെ ഡയറിയുടെ പേര് www. geocities.com /pinhanez/open_diary.htm എന്ന വെബ്സൈറ്റിൽ കയറിയാൽ ഈ ഡയറി വായിക്കാം.

## ബ്ലോഗ്

ഓൺലൈൻ ഡയറിയുടെ പരിഷ്കരിച്ച രൂപമാണ് ബ്ലോഗ്. വെബ്ലോഗ് (വെബ്ലോഗ്) എന്നതിന്റെ ചുരുക്കപ്പേരാണ് ബ്ലോഗ് എന്ന് പലർക്കും അറിയാമായിരിക്കും.

ബ്ലോഗിലെ ഉള്ളടക്കം ഇന്നതായിരിക്കണമെന്ന് വ്യവസ്ഥയൊന്നുമില്ല. വാർത്തകൾ, രാഷ്ട്രീയം, ശാസ്ത്രം, സാഹിത്യം എന്നിങ്ങനെ ഏതു വിഷയത്തെക്കുറിച്ചും എത്ര വേണമെങ്കിലും ബ്ലോഗിയിലെഴുതാം.

നമ്മൾ എഴുതുന്നത് പ്രസിദ്ധീകരിക്കാൻ പ്രസാധകനെ തേടിനടക്കേണ്ട, വയനക്കാരന് നമ്മുടെ എഴുത്തിനെ പറ്റിയുള്ള അഭിപ്രായം അപ്പപ്പോൾ ബ്ലോഗിലെ നിശ്ചിത സ്ഥലത്ത് രേഖപ്പെടുത്താം എന്നിവ യൊക്കെയാണ് പുസ്തകങ്ങളിൽ നിന്ന് ബ്ലോഗിനെവ്യത്യസ്തമാക്കുന്നത്. www.blogger.com എന്ന വെബ്സൈറ്റിൽ ചെന്നാൽനിങ്ങൾക്കും സൗജന്യമായി സ്വന്തം ബ്ലോഗുണ്ടാക്കാം.

## പ്രാചീന ലിപികൾ

പുരാതന ഭാഷകളിൽ ഒരവയവത്തിൽ ഒതുങ്ങിയിരിക്കുന്ന ഗുണം ഏതോ, അതിന്റെ പേരിലാണ് ആ അവയവം അറിയപ്പെട്ടിരുന്നത്. മനുഷ്യന് ബഹുവിധങ്ങളായ കഴിവുകളുണ്ട്. ആ കഴിവുകളെയെല്ലാം പ്രകടമാക്കുന്നത് കരങ്ങൾ കൊണ്ടാണ്. മനുഷ്യനിലുള്ള ഉൽകൃഷ്ടമായ ശക്തികേന്ദ്രമാണ് കൈകൾ. ഉൽകൃഷ്ടമായ ശക്തിയെയാണ്, പലം (ബലം) എന്നപേരിൽ അറിയപ്പെടുന്നത്. ബലം എന്ന ആശയവും ശക്തി എന്ന ആശയവും തത്വത്തിൽ ഒരേ അർഥമല്ല സൂചിപ്പിക്കുന്നത്. സംഘടിതമായ ബലമാണ് (സംഖ്യബലമാണ്) ശക്തി. സ്വയം പ്രകടമാക്കുന്ന ശക്തിയാണ് 'പലം' അഥവാ ബലം

ഏറ്റവും പുരാതന ഭാഷയാണ് മൂലദ്രാവിഡം. അതിൽ വചനങ്ങൾ ഏകവചനം, ദ്വിവചനം, ബഹുവചനം എന്നിങ്ങനെ മൂന്നാണുള്ളത്. ഇരട്ട (ജോടി) യായതെല്ലാം മൂലദ്രാവിഡത്തിൽ ദ്വിവചനങ്ങളാണ്. ചില നാമങ്ങൾക്ക് ഏകവചനത്തിലെ അർഥം ദ്വിവചനത്തിൽ കിട്ടുകയില്ല. തന്നെയുമല്ല, നിലവിലുള്ള ദ്രാവിഡങ്ങളിൽ 'കൾ' പ്രത്യയം ചേർത്തു ബഹുവചനം ഉണ്ടാക്കുന്നതുപോലെയല്ല. മൂലദ്രാവിഡത്തിൽ ദ്വിവചനം രൂപവൽക്കരിക്കുന്നത്. ഉദാഹരണം: പലം എന്നപദത്തിന്റെ ദ്വിവചനം പലങ്ങൾ എന്നല്ല പൈലം എന്നാണ്. പദങ്ങളിലെ സ്വരശബ്ദത്തിന് മാറ്റം വരുത്തികൊണ്ടാണ് ദ്വിവചനം രൂപീകരിക്കുന്നത്. ഐ (അ+ഇ) എന്നുള്ള സ്വരം തന്നെ ഇരട്ടയാണ് (Dipthong) പലം എന്ന ആശയത്തിന് ഒരു കയ്യ്, കലപ്പ, ഒരു കാള, ഒരു പുലി എന്നാണ് അർഥം. വലിച്ചു നീക്കികൊണ്ടു നീളുന്ന ഉപകരണമാണ് കലപ്പ. കലപ്പ വലിക്കുന്ന (ഭാരം വലിക്കുന്ന) ജന്തുവാണ് (draught animal) കാള, നദീതടസംസ്കാരകാലത്ത് ജനജീവിതത്തിലെ ഉറ്റ പങ്കാളിയാണ് കാള. ബലത്തിന്റെ (പലത്തിന്റെ) പ്രതിരൂപമായാണ് പുലിയെ പരിഗണിച്ചിരുന്നത്.

പലത്തിന്റെ ദ്വിവചനം പൈലം രണ്ടുകരങ്ങൾ, ഒരുജോടി കാള, നുകംവച്ച കാള, രണ്ടുപുലി, മഹാബലം — ഇത്രയുമാണ് പൈലം എന്ന ആശയം കൊണ്ട് അർഥമാക്കിയിരിക്കുന്നത്.



—x—x—x—

Scanned with CamScanner